# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM15/1996/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM15/1996/21 തീയ്യതി: 05/02/2022

## മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-12-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-11-2021 | 26-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-11-2021 | 26-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ. പി, (ഓഡിറ്റ് ഓഫീസർ)
ശ്രീമതി. ജിഷ കെ, (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി. ലത. ഒ.വി, (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി, (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. കുട്ടശ്ശേരി ഷെരീഫ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. വൽസല കെ | സെക്രട്ടറി | 01-04-2019 | 31-07-2019 |
| ശ്രീ. സുബാഷ് കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-08-2019 | 28-11-2019 |
| ശ്രീ. മനോജ് ബി.എസ് | സെക്രട്ടറി | 29-11-2019 | 23-12-2019 |
| ശ്രീ. സുബാഷ് കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-12-2019 | 21-01-2020 |
| ശ്രീ. രാജശേഖരൻ കെ | സെക്രട്ടറി | 22-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഷാജു എം | അസി. സെക്രട്ടറി | 01-04-2019 | 22-07-2019 |
| ശ്രീ. സുബാഷ് കുമാർ | അസി. സെക്രട്ടറി | 23-07-2019 | 31-03-2020 |
| ശ്രീമതി. രേഷ്മ എൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഗ്രീഷ്മ ഗിരിജൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ഈസ്സാ അരീക്കാടൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീ. അഖിൽ ബി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ. മുസ്തഫ എ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. റെജീന ഒ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 12-11-2019 |
| ശ്രീമതി. ഹഫ്സത്ത് എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 13-11-2019 | 31-03-2020 |
| ഒഴിവ് | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. ജോർജ് സക്കറിയ | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ. പ്രസീന ഇ.ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |

,

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 26-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 26-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 26-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 26-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-11-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 26-11-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-11-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-11 |
| 12 | പെർമിറ്റ് ഫീ കുറവായി ഈടാക്കി<br>Written By: Idrees Abdulla A.C. (Auditor, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-12 |
| 13 | തൊഴിൽ നികുതി കുറവായി ഈടാക്കി<br>Written By: Idrees Abdulla A.C. (Auditor, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-13 |
| 14 | സർക്കാർ ഉത്തരവ് പ്രകാരം നികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചില്ല.<br>Written By: Idrees Abdulla A.C. (Auditor, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-14 |
| 15 | പാലിയേറ്റീവുകൾക്ക് മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകൽ സംബന്ധിച്ച്<br>Written By: Idrees Abdulla A.C. (Auditor, On 16-12-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-15 |
| 16 | അംഗനവാടി പൂരകപോഷകാഹാരം - ജി.എസ്.ടി.യിൻ മേൽ ടി.ഡി.എസ്. ഈടാക്കിയില്ല. | 1-16 |

| | | |
|---|---|---|
| | Written By: Latha.O.V (Auditor, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | |
| 17 | വിവിധ പ്രോജക്ടുകളിലായി വാങ്ങിയ മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.<br>Written By: Idrees Abdulla A.C. (Auditor, On 27-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 16-12-2021) | 1-17 |
| 18 | ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല<br>Written By: Idrees Abdulla A.C. (Auditor, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-18 |
| 19 | SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്:മാർഗ്ഗരേഖാ നിർദേശം പാലിച്ചില്ല<br>Written By: Latha.O.V (Auditor, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-19 |
| 20 | കന്നുകുട്ടി പരിപാലന പദ്ധതി : അപാകതകൾ<br>Written By: Latha.O.V (Auditor, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-20 |
| 21 | പത്താം തരം പ്ലസ് വൺ തുല്യതാ പരീക്ഷ ഫീസ് അടവാക്കൽ- അപാകതകൾ<br>Written By: Latha.O.V (Auditor, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-21 |
| 22 | ലാപ്ടോപ്പ് വിതരണം - അപാകതകൾ<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-22 |
| 23 | എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-23 |
| 24 | അഗതി രഹിത കേരളം - പ്രവർത്തനത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-24 |
| 25 | വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമാക്കിയിലൽ<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-25 |
| 26 | എസ് എസ് എ വിഹിതം നൽകൽ<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-25-1 |
| 27 | ഐ കെ എം വിഹിതം നൽകൽ<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-25-2 |
| 28 | ഡയാലിസിസ് യൂണിറ്റിന് തുക നൽകൽ<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-25-3 |
| 29 | പീലത്തിൽ തോട് വിസിബി അറ്റകുറ്റപ്പണി<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-25-4 |
| 30 | കെ എസ് ഇ ബി ഡെപ്പോസിറ്റ് പ്രവൃത്തികൾ- പൂർത്തീകരണ വിവരം ലഭ്യമായില്ല<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-25-5 |
| 31 | പ്രളയാനന്തര മാലിന്യം നീക്കം ചെയ്യൽ - IT ഈടാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-26 |
| 32 | വൃദ്ധർക്ക് കട്ടിൽ - ആവശ്യത്തിൽ കൂടുതൽ വാങ്ങി<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-27 |

| | | |
|---|---|---|
| 33 | പൊളിക്കാൻ നിശ്ചയിച്ച കെട്ടിടം മോടി കൂട്ടി- തുക പാഴ് ചെലവ്<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-28 |
| 34 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.<br>Written By: ABDHU NAZER.P (Audit Officer, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-29 |
| 35 | ചുഴലി മയ്യാറ്റിൽ റോഡ് കോൺക്രീറ്റിംഗ്- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: ABDHU NAZER.P (Audit Officer, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-30 |
| 36 | ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത മൂലം അധിക നിരക്ക് നൽകി<br>Written By: ABDHU NAZER.P (Audit Officer, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-31 |
| 37 | കാട്ടുവാചിറ വി.സി.ബി. റിപ്പയർ പ്രവൃത്തി - അപാകതകൾ<br>Written By: ABDHU NAZER.P (Audit Officer, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-32 |
| 38 | എസ്.സി.തൊഴിൽ പരിശീലന കേന്ദ്രം - നിഷ്ക്രിയ ആസ്തിയായി തുടരുന്നു.<br>Written By: ABDHU NAZER.P (Audit Officer, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-33 |
| 39 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതു അപാകതകൾ<br>Written By: ABDHU NAZER.P (Audit Officer, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-34 |
| | ഭാഗം **2** | |
| 1 | പെർമിറ്റ് ഫീ കുറവായി ഈടാക്കി<br>Written By: Idrees Abdulla A.C. (Auditor, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 2-1 |
| 2 | തൊഴിൽ നികുതി കുറവായി ഈടാക്കി<br>Written By: Idrees Abdulla A.C. (Auditor, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 2-2 |
| | ഭാഗം **3** | |
| 1 | ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത മൂലം അധിക നിരക്ക് നൽകി<br>Written By: ABDHU NAZER.P (Audit Officer, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 22-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 22-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 22-11-2021) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-11-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 30-11-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Idrees Abdulla A.C. (Auditor, On 22-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1/1 - 16.02.2019 | 1/1 - 23.03.2020 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 05-06-2020 | --- | ----- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 61281029.85 |
| വരവ് | 100063754 |
| ആകെ | 161344783.85 |
| ചെലവ് | 93699708 |
| നീക്കിയിരിപ്പ് | 67645075.85 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 25552400 | 25552400 | 16003290 | 9549110 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8908000 | 8908000 | 5779793 | 3128207 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7520000 | 7520000 | 2091299 | 5428701 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6090000 | 6090000 | 2041256 | 4048744 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Grant) | 0 | 15438806 | 15438806 | 763968 | 14674838 |
| ബി ഫണ്ട് | 0 | 32217560 | 32217560 | 32217560 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 165 | 121715270 | 84 | 43591503 | 5 | 76 | 50.9% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 132401 | 1522812 | 1655213 | 1141725 | 513488 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16334396 | 16334396 | 16334396 | 0 |
| ആകെ | 132401 | 17857208 | 17989609 | 17476121 | 513488 |

കുറിപ്പ്

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക വാർഷികകണക്ക് പ്രകാരം 15853829/-രൂപയും, ക്യാഷ് ബുക്ക് പ്രകാരം 16334396രൂപയുമാണ്. ഈയിനത്തിൽ വാർഷികകണക്ക് ക്യാഷ് ബുക്കുമായി 480567 രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസം വിശദമാക്കിയിട്ടില്ല.

### 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 39360 | 19 |
| കർഷകതൊഴിലാളി പെൻഷൻ | 1474200 | 501 |
| വിധവാപെൻഷൻ | 10570200 | 265 |
| വാർദ്ധക്യകാലപെൻഷൻ | 16061100 | 4260 |
| വികലാംഗപെൻഷൻ | 3633500 | 640 |
| വിവാഹ ധനസഹായം | 0 | 0 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 439200 | 30 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.11.2021 ന് 10.45 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34812/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്കുകളുടെ ഇനം, എണ്ണം, അവ സ്ഥാപിച്ചിട്ടുള്ള ലൊക്കേഷൻ എന്നിവ കാണിക്കുന്ന റജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2. 86/2010/ഫിൻ തി. 24.09.2010 സർക്കുലറിൽ നിർദ്ദേശിക്കും വിധം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫറ്റ് വെയർ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്ററർ സൂക്ഷിച്ചിട്ടില്ല.

3 . പഞ്ചായത്തുമായി കരാറിലേർപ്പെടുമ്പോൾ കരാറുകാരെ കൊണ്ട് നിയമ പ്രകാരമുള്ള വ്യവസ്ഥകൾ എഴുതി ഒപ്പ് വെയ്പ്പിക്കാതെയും സാക്ഷ്യപ്പെടുത്താതെയും മുദ്രപത്രം മാത്രം വാങ്ങി സൂക്ഷിക്കുന്ന പ്രവണത കാണുന്നു. ഈ പ്രവണത ഒഴിവാക്കേണ്ടതാണ് . ഓരോ എഗ്രിമെന്റും എഗ്രിമെന്റ് റജിസ്റ്ററിൽ ചേർത്ത് നമ്പറിട്ട് സൂക്ഷിക്കണം.

4. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കിയിട്ടില്ല.

5. GO(P)259/2010/ത.സ്വ.ഭ.വ. തിയതി 08.11.2010 നമ്പർ പ്രൊക്വർമെന്റ് മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന വിധത്തിൽ വാർഷിക ആവശ്യകതാ നിർണ്ണയം നടത്താതെയാണ് സ്റ്റോർ പർച്ചേസ് നടത്തിയിട്ടുള്ളത്.

6. പഞ്ചായത്തിലേക്ക് വാങ്ങുന്ന സ്റ്റോറുകൾ സംബന്ധിച്ച് രേഖപ്പെടുത്തിയ ജനറൽ സ്റ്റോക്ക് രജിസ്റ്ററിൽ ഇലക്ട്രോണിക് സാധനങ്ങൾ, ഫർണിച്ചർ, സ്റ്റേഷനറി സാധനങ്ങൾ, രജിസ്റ്ററുകൾ, ഫോറങ്ങൾ, നോട്ടീസുകൾ തുടങ്ങി ചെറുതും വലുതുമായ മുഴവൻ സ്റ്റോറുകളും തീയ്യതി ക്രമത്തിൽ തുടർച്ചയായി രേഖപ്പെടുത്തിയ അവസ്ഥയിലാണ്. പ്രധാനപ്പെട്ട സ്റ്റോറുകൾ ഇനം തിരിച്ച് പ്രത്യേക പേജുകളിൽ രേഖപ്പെടുത്താത്തതിനാൽ അത്തരം സ്റ്റോറുകളെ സംബന്ധിച്ച സമഗ്രമായ വിവരം നിലവിലുള്ള രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്നില്ല. മാത്രമല്ല സ്റ്റോറുകളുടെ സ്പെസിഫിക്കേഷനുകൾ, മറ്റ് അടിസ്ഥാന വിവരങ്ങൾ മുതലായവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.
7. കൃഷി ഓഫീസർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
8. അസി. സെക്രട്ടറിയുടെ ക്യാഷ്ബുക്ക് പൂർണ്ണമല്ല.
9. ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ചതും കൈമാറിക്കിട്ടിയതുമായ എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.12.2019 | 2019-20 | 09.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.07.2019 മുതൽ 15.07.2019 വരെ | 1997-98 മുതൽ 2005-06 വരെ | 05.10.2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1) വസ്തു നികുതി Current Collection വാർഷികകണക്ക് , സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷികകണക്ക് പ്രകാരം | ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം | Advance Tax | വ്യത്യാസം |
|---|---|---|---|---|
| Current Collection | 8457149 രൂപ | 8283941 രൂപ | 11929 | 161279 രൂപ |

2) തൊഴിലുറപ്പ് പദ്ധതി-ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക വാർഷികകണക്ക് പ്രകാരം 15853829/-രൂപയും, ക്യാഷ് ബുക്ക് പ്രകാരം 16334396രൂപയുമാണ്. ഈയിനത്തിൽ വാർഷികകണക്ക് ക്യാഷ് ബുക്കുമായി 480567 രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസം വിശദമാക്കിയിട്ടില്ല.

3) തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളുടേയും മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുമില്ല.

4) തൊഴിൽനികുതി (ട്രേഡേഴ്സ്), ഡി ആന്റ് ഒ ലൈസൻസ് ഫീ, കെട്ടിടനിർമ്മാണ പെർമിറ്റ് ഫീ എന്നിവക്കായി തയ്യാറാക്കിയ ഡിമാന്റ്- കളക്ഷൻ രജിസ്റ്ററുകളിൽ പേജ് ക്രമത്തിലുള്ള തുകകൾ ക്യാരിഓവർ ചെയ്യാതെയും തുകയുടെ സംഗ്രഹം ചേർക്കാതെയുമാണ് ആകെ ഡിമാന്റ്, കളക്ഷൻ തുകകൾ ചേർത്തിട്ടുള്ളത്. ആയതിനാൽ എ.എഫ്.എസ് പ്രകാരമുള്ള തുകയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

## 1-12 പെർമിറ്റ് ഫീ കുറവായി ഈടാക്കി

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ (G.O(P) No.77/2019 Dt. 02.11.2019) ഷെഡ്യൂൾ II പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് 7 രൂപ/ച.മീറ്ററും വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്-10രൂപ/ച.മീറ്ററുമാണ് പെർമിറ്റ് ഫീസ്. എന്നാൽ താഴെ പറയുന്ന അപേക്ഷകളിൽ പെർമിറ്റ് ഫീസ് കുറവായാണ് ഈടാക്കിയത്.

| പെർമിറ്റിന് അപേക്ഷിച്ചയാളുടെ പേര് | അപേക്ഷ നമ്പർ | പെർമിറ്റ് നമ്പർ | വിനിയോഗ തരം/വിസ്തീർണ്ണം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| മണ്ണാഞ്ചേരി സന്തോഷ് കുമാർ | A5-7457 Dt.7.11.2019 | A5-BA (350554)/2019 | പാർപ്പിടം/243.86 ച.മീറ്റർ | 1707/- രൂപ (7*243.86) | 732 (3രൂപ/ച.മീറ്റർ) | 975 |
| ആകെ | | | | | | 975 |

ഇു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/19-20 തിയ്യതി 23.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവായ പെർമിറ്റ് ഫീ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി കുറവായി ഈടാക്കി

2019-20സാമ്പത്തിക വർഷത്തിലെ ആദ്യ അർദ്ധവർഷം താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം (വരുമാന പത്രിക പ്രകാരം) | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | ഗവൺമെന്റ് ആയുർവേദ ഹോസ്പിറ്റൽ മൂന്നിയൂർ | ജിതേഷ് കുമാർ | 84000 | 450 | 750 | 300 |
| 2 | ജി.എം.യു.പി.എസ് പാറക്കടവ് | രമ്യ സി | 181440 | 1000 | 1250 | 250 |
| 3 | ജി.എം.യു.പി.എസ് പാറക്കടവ് | പ്രവീണ വി | 181440 | 1000 | 1250 | 250 |
| 4 | കൊശമറ്റം ഫിനാൻസ് | സുനിത അമ്പാളി | 72000 | 300 | 600 | 300 |
| 5 | കൊശമറ്റം ഫിനാൻസ് | ബബിത കെ | 60000 | 300 | 600 | 300 |
| 6 | കൊശമറ്റം ഫിനാൻസ് | വിദ്യ എ | 60000 | 300 | 600 | 300 |

| | | | | | | |
|---|---|---|---|---|---|---|
| 7 | CRHSS വെളിമുക്ക് | മുഹമ്മദ് വി | 85500 | 450 | 750 | 300 |
| ആകെ | | | | | | 2000 |

2. 2019-20സാമ്പത്തിക വർഷത്തിലെ രണ്ടാം അർദ്ധവർഷം താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം (വരുമാന പത്രിക പ്രകാരം) | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | എം.ജി.എൻ.ആർ.ഇ.ജി.എസ് മൂന്നിയൂർ ഗ്രാമ പഞ്ചായത്ത് | റഹീദ് | 113825 | 750 | 1000 | 250 |
| ആകെ | | | | | | 250 |

ടി- ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 സർക്കാർ ഉത്തരവ് പ്രകാരം നികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചില്ല.

24.02.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ,വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിൽ വരുന്ന കാന്റീൻ,ആഡിറ്റോറിയം ,ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ ,മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങൾ എന്നിവയുടെ നികുതി നിരക്ക് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയ വസ്തു നികുതി പ്രിന്റ് പരിശോധിച്ചതിൽ, മേൽ ഉത്തരവ് പ്രകാരമുള്ള നികുതി നിരക്കുകൾ നിശ്ചയിച്ച് മൂന്നിയൂർ ഗ്രാമപഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 1 തിയ്യതി 19.11.2021)

## 1-15 പാലീയേറ്റീവുകൾക്ക് മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകൽ സംബന്ധിച്ച്

പ്രോജക്ട് നം.24/2019-20 പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത പ്രൈവറ്റ് പാലീയേറ്റീവുകൾക്ക് മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകൽ.

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

സ.ഉ(സാ.ധാ)നം.553/2019/ത.സ്വ.ഭ.വ തീയതി- 07.03.2019 പ്രകാരം ചാരിറ്റബിൾ സൊസൈറ്റീസ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘടനകളുടെ ആഭിമുഖ്യത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിൽ പ്രവർത്തിച്ച് വരുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ പ്രവർത്തനം പി.എം.സി വിലയിരുത്തി തൃപ്തികരമാണെന്ന് പി.എം.സി ശുപാർശ ചെയ്യുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്കാണ് പാലിയേറ്റീവ് കെയറിന് ആവശ്യമായ മരുന്നുകളും, പാലിയേറ്റീവ് കെയറിന് ആവശ്യമായ സാമഗ്രികകളും പി.എം.സി മുഖേന വാങ്ങി നൽകാവുന്നത്. എന്നാൽ മേൽ പ്രൊജക്ടിൽ ഇത്തരം നടപടി ക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ പ്രവർത്തനം പി.എം.സി വിലയിരുത്തി കാര്യക്ഷമമായി പ്രവർത്തിക്കുന്ന യൂണിറ്റുകൾക്കാണ് മരുന്നുകളും,സാമഗ്രികകളും വിതരണം ചെയ്യുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്.
കൂടാതെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ബിൽ നം.07/19-20 Dt. 27.02.20 പ്രകാരം നൽകിയിട്ടുള്ള 100000 രൂപയിൽ 52660 രൂപയുടെ മരുന്നുകളും ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ട്. ലഭ്യമായ മരുന്നുകളും ഉപകരണങ്ങളും പ്രൈവറ്റ് പാലീയേറ്റീവുകൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആകെ നൽകിയ തുകയിൽ നിന്നും 47340 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രഫോർമ ഇൻവോയ്സ് നം./ബിൽ നം | മരുന്ന് ലഭ്യമായതിന്റെ ഇൻവോയിസ് നം |
|---|---|
| PRF4284/ 01.02.2020<br>ബിൽ നം.07/19-20 Dt. 27.02.20- 100000 രൂപ<br>(മെയിന്റെനൻസ് ഗ്രാന്റ് നോൺ റോഡ്) | 2448/16.06.2021- 9684 രൂപ |
| | 2969/26.06.2021- 15662 രൂപ |
| | 2977/26.06.2021- 5515 രൂപ |
| | 4333/30.07.2021- 12819 രൂപ |
| | 4833/06.08.2021- 8980 രൂപ |
| ആകെ | 52660 രൂപ |

മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് , സ്റ്റോക്കിൽ എടുത്തത് വിതരണം ചെയ്തതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ . 30/19-20 തിയ്യതി 23.11.2021).

## 1-16 അംഗനവാടി പൂരകപോഷകാഹാരം - ജി.എസ്.ടി.യിൻ മേൽ ടി.ഡി.എസ്. ഈടാക്കിയില്ല.

നിർവ്വഹണം : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പ്രോജക്ട് നം : 27/2019-20

പ്രോജക്ടിന്റെപേര് : അംഗനവാടി പൂരകപോഷകാഹാരം

അടങ്കൽ : 5900000

വികസന ഫണ്ട്-29ലക്ഷം

സംസ്ഥാനാവിഷ്കൃതഫണ്ട് 25 ലക്ഷം

തനത് ഫണ്ട് 50000

ചെലവ് :5825259 രൂപ

250000ത്തിന മുകളിലുള്ള പർചേയ്സിന് ജി.എസ്.ടി.യിന് മേൽ 2% ടി.ഡി.എസ്. കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം വിജയ്&ഓജസ്സി വനിതാ വ്യവസായ കേന്ദ്രത്തിൽ നിന്നും വാങ്ങിയ ന്യൂട്രിമിക്സിന്മേൽ ഇപ്രകാരം ടി.ഡി. എസ്. കുറവ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ/ചെക്ക് നം&തീയതി, | തുക | ഇൻവോയ്സ് നം &തീയതി | വിജയ് & ഓജസ്സിയ്ക്ക് നൽകിയ തുക (GST ഒഴികെ) | ടി.ഡി. എസ്.(2%) |
|---|---|---|---|---|
| 75785/20.1.20 | 689543 | 35/4.11.19 | 329235 | 6585 |
| 75785/20.1.20 | 689543 | 38/4.12.19 | 252390 | 5047 |
| 16/18.3.20 | 313495 | 43/13.1.20 | 298567 | 5971 |
| 20/30.3.20 | 267243 | 47/6.2.20 | 274104 | 5482 |
| ആകെ | | | | 23085 |

ടി.ഡി.എസ്. ഈടാക്കാത്തതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്- (24/23.11.2021(2019-20)- GST വകുപ്പിൽനിന്നും TDS കുറവ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ 250000ത്തിന മുകളിലുള്ള പർചേയ്സിന് ജി.എസ്.ടി.യിന് മേൽ 2% ടി.ഡി.എസ്. കുറവ് ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 വിവിധ പ്രോജക്ടുകളിലായി വാങ്ങിയ മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ(പി.എച്ച്.സി), വിവിധ പ്രൊജക്ടുകളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുള്ള തുകകൾക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

A)

| പ്രോജക്ട് | പ്രഫോർമ ഇൻവോയ്സ് നം./ബിൽ നം |
|---|---|
| നം.22/2019-20 പരിരക്ഷ പാലിയേറ്റീവ് കെയർ.<br>അടങ്കൽ-500000<br>ആകെ ചെലവ്-500000 | PRF 1960/ 29.10.2019<br>തുക-100000 രൂപ<br>ബിൽ നം. 15/19-20 Dt. 31.03.20- 100000 രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

മേൽ പ്രോജക്ടിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ബിൽ നം. 15/19-20 Dt. 31.03.20 പ്രകാരം നൽകിയിട്ടുള്ള 100000/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. സ്റ്റോക്കിൽ എടുത്തത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

B)

| പ്രോജക്ട് | പ്രഫോർമ ഇൻവോയ്സ് നം./ബിൽ നം | മരുന്ന് ലഭ്യമായതിന്റെ ഇൻവോയിസ് നം |
|---|---|---|
| നം.23/2019-20 പി.എച്ച്.സിയിലേക്ക് മരുന്ന് റീയേജന്റ് വാങ്ങൽ. | PRF1805/ 23.10.2019<br>ബിൽ നം.04/19-20 Dt. 31.03.20- | 2724/23.06.2021- 35519 രൂപ<br>2721/23.06.2021- 65692 രൂപ |

| | | |
|---|---|---|
| അടങ്കൽ-250000<br>ആകെചെലവ്-240795 | 225000 രൂപ<br>(മെയിന്റെനൻസ് ഗ്രാന്റ് നോൺ റോഡ്) | |
| | | 4327/30.07.2021- 6930 രൂപ |
| | | 576/06.08.2021- 6635 രൂപ |
| ആകെ | | 114776 /-രൂപ |

മേൽ പ്രോജക്ടിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 04/19-20 Dt. 31.03.20 പ്രകാരം നൽകിയിട്ടുള്ള 225000 രൂപയിൽ 110224 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. സ്റ്റോക്കിൽ എടുത്തത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ-104/2019-20 (SO)-പരിരക്ഷ പാലിയേറ്റീവ് കെയർ പ്രവർത്തനം, ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ (BRN-18150652038601524102/27.03.19) നിന്നും ചെലവഴിച്ച 46160/- രൂപയുട ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഓഡിറ്റ് ഹാജരാക്കുന്നത് വരെ തുക തടസ്സം ചെയ്യുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ.29 /19-20 തിയ്യതി 24.11.2021)

## 1-19 SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്:മാർഗ്ഗരേഖാ നിർദേശം പാലിച്ചില്ല

നിർവ്വഹണം : ഹെഡ്മാസ്റ്റർ

പ്രൊജക്ടിന്റെപേര് : SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

പ്രൊജക്ട് നം 14/19-20

അടങ്കൽ :800000/-( പ്ലാൻ )

ചെലവ് :230000/-

1) ബിൽ നം.1/19-20തീയതി.19.3.20 തുക 130000 /-

2) ബിൽ നം.3/19-20തീയതി.21.3.20 തുക 100000 /-

മേൽ പ്രൊജക്ട് പ്രകാരം, പഞ്ചായത്തിലെ 11 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായങ്ങൾ സംബന്ധിച്ച സബ്സിഡി മാർഗരേഖ ഖ. 7.2.5 പ്രകാരം ധനസഹായ തുക അനുവദിക്കുന്ന വിദ്യാർത്ഥികളുടെ കോഴ്സ്, വർഷം എന്നിവ പ്രത്യേകം രേഖപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിക്കണമെന്ന് നിർദേശിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.46/25.11.20 /2019-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 കന്നുകുട്ടി പരിപാലന പദ്ധതി : അപാകതകൾ

നിർവ്വഹണം : വെറ്ററിനറി സർജൻ

പ്രൊജക്ടിന്റെപേര് : കന്നുകുട്ടി പരിപാലന പദ്ധതി

പ്രൊജക്ട് നം 38/2019-20

അടങ്കൽ :750000

പ്ലാൻ :187500

സംസ്ഥാനവിഹിതം :187500

ഗുണഭോക്തൃവിഹിതം 375000

ചെലവ് :187500/-(ബിൽ നം 2/31.3.20)

പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) മേൽ പ്രൊജക്ട് പ്രകാരം, 30 കന്നുകുട്ടികളുടെ പ്ലാൻ വിഹിതമായി 187500 രൂപ (30*6250) നിലമ്പൂർ പ്രാദേശിക മൃഗസംരക്ഷണകേന്ദ്രത്തിന് നൽകിയിട്ടുണ്ട്. 26.5.20 നാണ് പദ്ധതി തുടങ്ങിയത് . പദ്ധതി പ്രകാരം സബ്സിഡി നൽകിയ 4 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾ പദ്ധതി പൂർത്തീകരണ കാലയളവിനുള്ളിൽ തന്നെ ചത്തുപോയതിനാൽ തുടർന്നുള്ള സബ്സിഡി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. നാളിതു വരെ തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | സബ്സിഡി നൽകിയ തുക | തീയതി |
|---|---|---|

| | | |
|---|---|---|
| തങ്കമ്മു ചാനക്കായി. | 6075 | 9.3.2021 |
| രാധ കിഴക്കേമുറി | 5231 | 9.3.2021 |
| കമ്മുക്കുട്ടി കുന്നുമ്മൽ | 6075 | 9.3.2021 |
| കൃഷ്ണൻകുട്ടി ചട്ടിയ്ക്കൽ | 4725 | 18.2.2021 |
| ആകെ | 22106 | |

മേൽ ഗുണഭോക്താക്കൾ പദ്ധതികാലയളവിനുള്ളിൽ തന്നെ കൊഴിഞ്ഞ് പോയതിനാൽ മൃഗസംരക്ഷണകേന്ദ്രത്തിന് കൈമാറിയ മേൽ ഗുണഭോക്താക്കളുടെ സബ്സിഡി തുക പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്.

2) 30 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുള്ളത്. കരാർ വെച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയത് 2 പേർ മാത്രമാണ്. 25 ഗുണഭോക്താക്കൾ കാലി മുദ്രപേപ്പർ മാത്രമാണ് ഹാജറാക്കിയിട്ടുള്ളത്. എഗ്രിമെൻറ് ചമച്ചിട്ടില്ല. താഴ പറയുന്ന 3 ഗുണഭോക്താക്കളുടെ അപേക്ഷകൾ, കരാർ ഉടമ്പടി എന്നീ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമില്ല.

1) മുജീബ്

2) ആനന്ദവല്ലി

3) വിജയശ്രീ

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിററ് എൻക്വയറി നം. 31/25.11.21(2019-20) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 പത്താം തരം പ്ലസ് വൺ തുല്യതാ പരീക്ഷ ഫീസ് അടവാക്കൽ- അപാകതകൾ

നിർവ്വഹണം : ഹെഡ്മാസ്റ്റർ

പ്രോജക്ട് നം : 19/2019-20

പ്രോജക്ടിന്റെപേര് :പത്താം തരം പ്ലസ് വൺ തുല്യതാപരീക്ഷ ഫീസ് അടവാക്കൽ- തനതു ഫണ്ട്- 2ലക്ഷം

ചെലവ് : 114400 രൂപ (ചെക്ക് നം: 2167724/19-20 തീയതി: 30.3.20

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)പ്രൊജക്ട് പ്രകാരം പത്താം തരം പ്ലസ് വൺ തുല്യതാ പരീക്ഷയ്ക്ക് ഫീസ് അടവാക്കൽ എന്നാണ്. എന്നാൽ 10-ാം തരം തുല്യത പരീക്ഷ എഴുതുന്ന കുട്ടികളുടെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) 52പേരുടെ കോഴ്സ് ഫീസായി 114400 രൂപ (52*2200) കേരള സംസ്ഥാന സാക്ഷരതാ മിഷന് അടവാക്കിയിട്ടുണ്ട്.സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപറ്റു രശീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

അപാകതകൾ പരിഹരിയ്ക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 43 /22.11.2021/2019-20 മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-22 ലാപ്ടോപ്പ് വിതരണം - അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : അസി. സെക്രട്ടറി

പ്രോജക്ട് : 16/20 പട്ടികജാതി ബിരുദാനന്തര ബിരുദ, പ്രൊഫഷണൽ വിദ്യാർത്ഥികൾ ക്ക് ലാപ്ടോപ്പ് നൽകൽ

അടങ്കൽ : 600000/- ( വികസന ഫണ്ട് - എസ് സി പി)

ചെലവ് : 600000/- (ബിൽനമ്പർ : 10/19-20/15.1.20- 300000/-)

(ബിൽനമ്പർ : 11/19-20/15.1.20- 289916/-)

(ബിൽനമ്പർ : 12/19-20/24.01.20- 10084/-)

മേൽ പ്രോജക്ട് പ്രകാരം ടെണ്ടർ നടപടികൾ വഴി തെരെഞ്ഞെടുത്ത Bizarre Power Solutions എന്ന സ്ഥാപനത്തിൽ നിന്നും 16 ലാപ്ടോപ്പുകൾ വാങ്ങുന്നതിനായി 600000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. 500000/-രൂപയുടെ മുകളിലുള്ള അടങ്കൽ ആയതിനാൽ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ടി നടപടിക്രമം പാലിച്ചില്ല. അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/2019-20/20.11.2021 ) ഇ-ടെണ്ടറിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനം ഇല്ലാത്തതിനാലാണ് ഇത്തരത്തിൽ അപാകത സംഭവിക്കാനിടയായതെന്ന മറുപടി നൽകിയത് അംഗീകരിക്കാനാവില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. 3 സ്ഥാപനങ്ങളുടെ ടെണ്ടർ ലഭിച്ചതിൽ കുറവു തുക ക്വാട്ടു ചെയ്ത Bizarre Power Solutions എന്ന സ്ഥാപനത്തിൽനിന്നുമാണ് ലാപ്ടോപ്പ് പർച്ചേസ് ചെയ്തിട്ടുള്ളത്. ടി സ്ഥാപനങ്ങളിൽ നിന്നും ഇ എം ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് (ടെണ്ടർ സ്വീകരിച്ച സ്ഥാപനത്തിന്റെ ) എന്നിവയൊന്നും ഈടാക്കിയതായി കാണുന്നില്ല. ഉദ്യോഗ് ആധാറിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ സ്ഥാപനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും മേൽ സ്ഥാപനങ്ങളുടെ ഉദ്യോഗ് ആധാർ രജിസ്ട്രേഷന്റെ നിജസ്ഥിതി അറിയുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം മാനേജരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുമില്ല. മേൽ ഇനത്തിൽ ഈടാക്കേണ്ട തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഈടാക്കേണ്ടിയിരുന്ന ഇ എം ഡി തുക | ഈടാക്കേണ്ടിയിരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് |
|---|---|---|---|
| 1 | Admire Business Systems | 6000 | |
| 2 | Bizarre Power Solutions | 6000 | 30000 |
| 3 | Malabar Business Solutions | 6000 | |
| | ആകെ | 18000 | 30000 |

മേൽ അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് Bizarre Power Solutions എന്ന സ്ഥാപനത്തിന് കോഴിക്കോട് ജില്ലാ വ്യവസായ സെന്റർ ഡെപ്യൂട്ടി ഡയറക്ടർ നൽകിയ 30.09.2020 ലെ സാക്ഷ്യ പത്രം ലഭ്യമാക്കി. ആയതു പ്രകാരം 22.09.2020 മുതൽ MSME ക്ക് അനുവദനീയമായ ഇളവുകൾക്ക് Bizarre Power Solutions അർഹരാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിന് 2019-20 വർഷത്തിൽ ഇളവുകൾ ബാധകമാണോ എന്നതിൽ വ്യക്തതയില്ല.

മേൽ സ്ഥാപനങ്ങളിൽ നിന്നും അർഹമായ ഇ എം ഡി വാങ്ങാതെയാണ് അവരുടെ ടെണ്ടർ സ്വീകരിച്ചത്. ആയത് ക്രമപ്രകാരമല്ല. ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.
ജില്ലാ വ്യവസായ കേന്ദ്രം മാനേജരുടെ സാക്ഷ്യപത്രത്തിൽ പ്രത്യേകം പരാമർശിച്ചിട്ടില്ലാത്ത പക്ഷം ഉദ്യോഗ് ആധാറിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റിൽ ഇളവ് നൽകാനാവില്ല.

3. ലാപ്ടോപ്പ് കൈപ്പറ്റിയ താഴെ പറയുന്ന വിദ്യാർത്ഥികൾ ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ശ്രീമതി പ്രജിഷ സി പി |
| 2 | ശ്രീമതി സനന്യകൃഷ്ണ ടി |
| 3 | ശ്രീമതി സ്നബ സി |

ടി ഗുണഭോക്താക്കളെ ഭരണസമിതി അംഗീകരിച്ചിട്ടുണ്ടെങ്കിൽ തീരുമാനത്തിന്റെ പകർപ്പ സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്തൃ ലിസ്റ്റിൽ മതിയായ ആൾ ഇല്ലാത്തതിനാലാണ് ഇവർക്കു നൽകിയതെന്നാണ് മറുപടി നൽകിയത്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകല്യം നൽകിയ നടപടി സാധൂകരിച്ച പഞ്ചായത്ത് തീരുമാനം ലഭ്യമാക്കുന്നത് വരെ ചെലവ് തുക (37500x3) 112500/- രൂപ തടസ്സം ചെയ്യുന്നു.

## 1-23 എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ : അസി.സെക്രട്ടറി

പ്രോജക്ട് : 98/20 എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം

അടങ്കൽ : 375000/- ( വികസന ഫണ്ട് - എസ് സി പി) + 41812/- (തനത്)

ചെലവ് : 249562/- (ബിൽനമ്പർ : 01/20-21/23.04.2021) + 41800/-(വൗച്ചർ നമ്പർ 21901365/31.03.2020)

2019-20 വർഷത്തിൽ അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ക് പ്രകാരം എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. 2018-19 വർഷത്തിലെ 226/19 പ്രോജക്ടിന്റെ സ്പിൽഓവർ പ്രോജക്ടാണ് ഇത്. 2018-19 വർഷത്തിൽ ഡ്രീം ഹോം എന്ന സ്ഥാപനത്തിൽ നിന്നും 332750/-രൂപക്ക് 110വാട്ടർ ടാങ്കുകൾ പർച്ചേസ്ചെയ്തിട്ടുണ്ട്. ആയതിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ വരുന്ന 25% തുക 83188/- രൂപ 2018-19 ൽ തന്നെ കൈമാറുകയും തുടർന്ന് 19-20 വർഷത്തിൽ പ്ലാൻ ഫണ്ട് വിഹിതമിനത്തിലുള്ള തുക 249562/- രൂപ (ബിൽ നമ്പർ 01/19-20/30.05.2019) നൽകുകയും ചെയ്തു.

എന്നാൽ തുടർന്ന് ഗുണഭോക്തൃ വിഹിതമിനത്തിൽ 41800/- രൂപ (വൗച്ചർ നമ്പർ 21901365/31.03.2020) 2019-20 ലും പ്ലാൻ ഫണ്ടിനത്തിൽ 124575 /- രൂപ 2020-21 ലും ചെലവഴിച്ചിട്ടുണ്ട്. ടി തുകകളുടെ ചെലവ് വൗച്ചറുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06 /2019-20/20.11.21) 2019-20 ൽ ഡ്രീം ഹോം എന്ന സ്ഥാപനത്തിൽ നിന്ന് തന്നെ 55 വാട്ടർ ടാങ്കുകൾ വാങ്ങിയതിന്റെ 1,66,375/- രൂപയുടെ ബിൽ ഹാജരാക്കി. ആയത് വിതരണം ചെയ്ത 55 പേരുടെ വിവരവും രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വാട്ടർ ടാങ്ക് വിതരണം ചെയ്ത 55 പേരിൽ 41 പേരും, ഓഡിറ്റിനായി ലഭ്യമാക്കിയ 2018-19 ലെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്നവരല്ല. ടിയാളുകളെ ഗുണഭോക്താക്കളായി ഭരണസമിതി അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ തീരുമാനം ലഭ്യമാക്കേണ്ടതാണ്.

2. ആനുകൂല്യം കൈപ്പറ്റിയവർ നിലവിൽ വാട്ടർ ടാങ്ക് ഇല്ലാത്തവരാണെന്നതിന്റെ സാക്ഷ്യപത്രം ഫയലിൽ ഇല്ല.

3. 2018-19 വർഷത്തിൽ 110 വാട്ടർടാങ്കുകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളതാണ്. ടി ഗുണഭോക്താക്കളുടെ വിവരം പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കിയാൽ മാത്രമേ പരിശോധന പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ.

മേൽ അപാകതകൾ പരിഹരിക്കുന്നതു വരെ 2019-20 ൽ തനത് ഫണ്ടിനത്തിൽ ചെലവഴിച്ച 41800/- രൂപ തടസ്സം ചെയ്യുന്നു.

## 1-24 അഗതി രഹിത കേരളം - പ്രവർത്തനത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയ്ക്കാണ് അഗതിരഹിത കേരളം പദ്ധതി ആരംഭിച്ചത്. സ.ഉ(എംഎസ്)നം.252/2017 /തസ്വഭവ തി. 12.12.2017 പ്രകാരം അഗതി രഹിത കേരളം പദ്ധതിയുടെ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള അവശ ജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

2019 മുതൽ 2022 വരെയുള്ള പദ്ധതി കാലഘട്ടത്തിലേക്ക് 71 ഗുണഭോക്താക്കളെയാണ് പഞ്ചായത്തിൽ തെരെഞ്ഞെടുത്തിരുന്നത്. എന്നാൽ ഗുണഭോക്താക്കളിൽ അനർഹർ ഉണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വീണ്ടും അന്വേഷണം നടത്തി ഗുണഭോക്താക്കളുടെ എണ്ണത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. നിലവിൽ 50 ഗുണഭോക്താക്കളാണ് പദ്ധതിയിൽ ഉള്ളത്. 71 ഗുണഭോക്താക്കളുടെ പരിപൂർണ്ണമായ ഉന്നമനം ലക്ഷ്യമാക്കിയാണ് 22518210/- രൂപയുടെ അടങ്കലിൽ പഞ്ചായത്തിൽ അഗതികേരളം പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പഞ്ചായത്തിലെ അഗതിരഹിത കേരളം പദ്ധതിയുടെ സാമ്പത്തിക വിശകലനം താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | സേവന പാക്കേജ് | വകയിരുത്തിയ തുക | ചെലവഴിച്ചതുക |
|---|---|---|---|
| 1 | സ്ഥലം | 22,50,000 | 00 |
| 2 | വീട് | 1,48,00,000 | 00 |
| 3 | വീട് റിപ്പയർ | 23,00,000 | 1,72,719 |
| 4 | ചികിത്സ | 78,000 | |
| 5 | ഭക്ഷണം | 20,05,200 | 7,77,300 |
| 6 | വിദ്യാഭ്യാസം | 1,07,000 | 38000 |
| 7 | കുടിവെള്ളം | 2,10,000 | 4100 |
| 8 | വൈദ്യുതീകരണം | 2,16,000 | |
| 9 | വസ്ത്രം | 4,11,000 | |
| 10 | മിസലേനിയസ് എക്സ്പെൻസ് | 15,000 | |
| 11 | മെഡിക്കൽ ക്യാമ്പ് | 15,000 | |
| 12 | റിസർവ് ഫണ്ട് | 1,11,010 | |

| | | |
|---|---|---|
| ആകെ | 22518210 | 992119 |

മേൽ പ്രൊജക്ടിനാവശ്യമായ ഫണ്ടിംഗ് വിഭാവനം ചെയ്തിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | ഏജൻസി | വകയിരുത്തിയ തുക |
|---|---|---|
| 1 | ചലഞ്ച് ഫണ്ട് | 23,31,210 |
| 2 | വികസന ഫണ്ട് | 1,97,76,000 |
| 3 | സ്പോൺസർഷിപ്പ് | 4,11,000 |
| | | 22518210 |

സ.ഉ(എംഎസ്)നം.252/2017/തസ്വഭവ തി. 12.12.2017 പ്രകാരം അടങ്കൽതുകയുടെ 40ശതമാനം കുടുംബശ്രീയും 35 ശതമാനം ഗ്രാമ പഞ്ചായത്തും 15 ശതമാനം ബ്ലോക്ക് പഞ്ചായത്തും 10 ശതമാനം ജില്ലാ പഞ്ചായത്തുമാണ് വകയിരുത്തേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള ഒരു സമഗ്രമായ ഫണ്ടിംഗ് രീതി പദ്ധതി രൂപീകരണ സമയത്ത് ഗ്രാമ പഞ്ചായത്തിൽ അവലംബിച്ചിട്ടില്ല. 2019-20,2020-21 വർഷങ്ങളിൽ ലഭ്യമായ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ഭക്ഷണ കിറ്റ് വിതരണവും 3 ഗുണഭോക്താക്കൾക്ക് വീട് റിപ്പയറിന് തുക അനുവദിക്കലും മാത്രമാണ് നടന്നിട്ടുള്ളത്.

ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ 31.03.2020 ന് അക്കൗണ്ടിൽ ചലഞ്ച് ഫണ്ടിനത്തിൽ 16,32,404/-രൂപ നീക്കി ബാക്കി ഉണ്ട്.

2019-2022 കാലയളവിലേക്കുള്ള അഗതിരഹിതകേരളം പദ്ധതി പ്രകാരം 15 ഗുണഭോക്താക്കൾക്കാണ് ഭവന നിർമ്മാണത്തിനായി ധനസഹായം ആവശ്യമായതായി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ആയതിൽ രണ്ടുപേർ മാത്രമാണ് ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്തക്കളായി ഉൾപ്പെട്ടിട്ടുള്ളത്. ബാക്കി ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിലേക്ക് കൊണ്ടുവരാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2022 മാർച്ചിൽ കാലാവധി അവസാനിക്കുന്ന അഗതികേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അതിജീവനാവശ്യത്തിനുള്ള പദ്ധതികൾ ഇനിയും പ്രാവർത്തികമാക്കിയിട്ടില്ല. പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി ഉപസമിതി രൂപീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്ത് ലക്ഷ്യമിട്ട നേട്ടങ്ങൾ സമയബന്ധിതമായി കൈവരിക്കാൻ നിലവിലെ പ്രവർത്തനം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. പദ്ധതി പ്രവർത്തനത്തിന് വിവിധ സ്രോതസ്സുകളിലൂടെ ശേഖരിക്കേണ്ട ഫണ്ട് കണ്ടെത്താനും പ്രധാന വെല്ലുവിളിയായി മുമ്പിലുള്ള ഭൂരഹിത ഭവന രഹിതരായ കുടുംബങ്ങളെ പുനരധിവസിപ്പിക്കാനും പദ്ധതി നടത്തിപ്പിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്താനും ഭരണ സമിതിയുടെ കാര്യക്ഷമമായ ഇടപെടൽ അനിവാര്യമാണ് . (ഓഡിറ്റ് എൻക്വയറി 48/19-20/ 26.11.2021)

## 1-25 വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ/ തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം വിവിധ ആവശ്യങ്ങൾക്ക് മുൻകൂറായി തുക അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രൊജക്ടിന്റെ പൂർത്തീകരണ വിവരം/ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കുന്നതു വരെ ചെലവു തുക 3006652/- രൂപ തടസ്സം ചെയ്യുന്നു.(ഓഡിറ്റ് എൻക്വയറി 08/2019-20/20.11.21)

### 1-25-1 എസ് എസ് എ വിഹിതം നൽകൽ

| പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|
| 02/20 എസ് എസ് എ വിഹിതം നൽകൽ | ബിൽ മ്പർ 10/19-20/ 30.09.2019<br>20,00,000/-<br>Plan- General | ജില്ലാ പ്രോജക്ട് ഓഫീസർ, SSK | വിനിയോഗ വിവരം |

### 1-25-2 ഐ കെ എം വിഹിതം നൽകൽ

| പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|
| 03/20 ഐ കെ എം വിഹിതം നൽകൽ | ബിൽ മ്പർ 9/19-20/ 30.09.2019 1,09,015/- Plan- General | ഐ കെ എം | വിനിയോഗ വിവരം |

## 1-25-3 ഡയാലിസിസ് യൂണിറ്റിന് തുക നൽകൽ

| പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|
| 5/20 ഡയാലിസിസ് യൂണിറ്റിന് തുക നൽകൽ | വൗച്ചർ നമ്പർ : 219027/27.02.2020 3,00,000 തനത് | തിരൂരങ്ങാടി താലൂക്ക് ഹോസ്പിറ്റൽ ഡയാലിസിസ് യൂണിറ്റ് | തുകയുടെ വിനിയോഗസാക്ഷ്യപത്രം |

## 1-25-4 പീലത്തിൽ തോട് വിസിബി അറ്റകുറ്റപ്പണി

| പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|
| 248/20 പീലത്തിൽ തോട് വിസിബി അറ്റകുറ്റപ്പണി | വൗച്ചർ നമ്പർ 21901246/19.03.2020. 4,29,000/- തനത് ഫണ്ട് | അസി. എഞ്ചിനീയർ മൈനർ ഇറിഗേഷൻ | പ്രവൃത്തിയുടെ പൂർത്തീകരണ വിവരം |

## 1-25-5 കെ എസ് ഇ ബി ഡെപ്പോസിറ്റ് പ്രവൃത്തികൾ- പൂർത്തീകരണ വിവരം ലഭ്യമായില്ല

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|
| 1 | ഒമ്പതാം വാർഡിലെ ചെർളി ഭാഗത്തേക്കുള്ള Single Line – Three Phase Line ആക്കുന്നതിനായി തുക അടവാക്കിയത് | വൗച്ചർ നമ്പർ 21900186/08.05.2019 9,900/- തനത് ഫണ്ട് | കെ എസ് ഇ ബി തലപ്പാറ ഇലക്ട്രിക്കൽ സെക്ഷൻ | പ്രവൃത്തിയുടെ പൂർത്തീകരണ വിവരം |
| 2 | 166/20 കിഴക്കുമ്പാടം വൈദ്യുതലൈൻ നീട്ടൽ | വൗച്ചർ നമ്പർ 21901230/17.03.2020 60,000/- തനത് ഫണ്ട് | കെ എസ് ഇ ബി തലപ്പാറ ഇലക്ട്രിക്കൽ സെക്ഷൻ | പ്രവൃത്തിയുടെ പൂർത്തീകരണ വിവരം |
| 3 | 161/20 എറക്കണ്ടം അരീക്കാട്ടു പറമ്പ് ഭാഗത്തേക്ക് | വൗച്ചർ നമ്പർ 21901229/17.03.2020 80385/- | കെ എസ് ഇ ബി തലപ്പാറ | പ്രവൃത്തിയുടെ പൂർത്തീകരണ വിവരം |

| | | | | |
|---|---|---|---|---|
| | കാർഷികാവശ്യത്തിനായി വൈദ്യുതിലൈൻ നീട്ടൽ | തനത് ഫണ്ട് | ഇലക്ട്രിക്കൽ സെക്ഷൻ | |
| 4 | വാർഡ് 21 ലെ ഇലക്ട്രിക്പോസ്റ്റുകൾ മാറ്റൽ | വൗച്ചർ നമ്പർ 21900988/28.01.2020<br>18352/-<br>തനത് ഫണ്ട് | കെ എസ് ഇ ബി തലപ്പാറ ഇലക്ട്രിക്കൽ സെക്ഷൻ | പ്രവൃത്തിയുടെ പൂർത്തീകരണ വിവരം |

## 1-26 പ്രളയാനന്തര മാലിന്യം നീക്കം ചെയ്യൽ - IT ഈടാക്കിയില്ല

പ്രളയാനന്തരം അടിഞ്ഞുകൂടിയ അജൈവമാലിന്യം നീക്കം ചെയ്യുന്നതിനായി യൂണിവേഴ്സൽ ബയോഗ്യാസ് എന്ന സ്ഥാപനത്തിന് കിലോക്ക് 5.75 രൂപ തനത് ഫണ്ടിൽനിന്നും അനുവദിക്കാൻ ഭരണസമിതിയുടെ 26.11.2019 ലെ തീരുമാനം നമ്പർ 6(1) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതു പ്രകാരം 2019-20 വർഷത്തിൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം തുക യൂണിവേഴ്സൽ ബയോഗ്യാസ് എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 21900978/22.01.20 | 74433 | |
| 2 | 21901143/29.2.20 | 100000 | ഹരിതകർമ്മ സേനയുടെ അക്കൗണ്ടിൽ നിന്നും യൂണിവേഴ്സൽ ബയോഗ്യാസ് നൽകിയത് റീ ക്രൂപ്പ് ചെയ്ത് നൽകി |
| 3 | 21901144/29.02.20 | 11550 | |
| | | 185983 | |

എന്നാൽ ടി തുക നൽകിയപ്പോൾ 2% ഇൻകംടാക്സ് ഈടാക്കേണ്ടതായിരുന്നു. (185983*2% = 3720) ആയത് ഈടാക്കിയതായി കാണുന്നില്ല. ടാക്സ് ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/19-20/25.11.2021) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 വൃദ്ധർക്ക് കട്ടിൽ - ആവശ്യത്തിൽ കൂടുതൽ വാങ്ങി

നിർവ്വഹണോദ്യോഗസ്ഥൻ : അസി. സെക്രട്ടറി

പ്രോജക്ട് : 21/20- 60 വയസ്സ്കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ നൽകൽ

അടങ്കൽ : 500000/- ( വികസന ഫണ്ട് - എസ് സി പി)

ചെലവ് : 487546/- (ബിൽനമ്പർ : 4/19-20/28.10.2019)

മേൽ പ്രോജക്ട് പ്രകാരം 60 വയസ്സു കഴിഞ്ഞ ഗുണഭോക്താക്കൾക്കു നൽകുന്നതിനായി ആർട്ട്കോയിൽ നിന്നും 115 കട്ടിലുകൾ വാങ്ങിയതിന് 487546/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. ആർട്ട്കോയിൽനിന്നും 115 കട്ടിലുകൾ വാങ്ങിയെങ്കിലും, പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 75പേരാണ് ഉള്ളത്. (21.10.2019 ലെ ഭരണസമിതി തീരുമാനം 1(2)).തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി ഒ (പി) 259/2021 ത.സ്വ.ഭ.വ , തിയ്യതി 08.11.2010 പ്രകാരം ആവശ്യം മുൻനിർത്തി ആവശ്യമായ എണ്ണം കണക്കാക്കി വാങ്ങുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നിരിക്കെ 75 പേർക്കായി 115 കട്ടിലുകൾ വാങ്ങാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
2. 115 കട്ടിലുകളിൽ 28 കട്ടിലുകൾ വിതരണം ചെയ്യാതെ പഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിരിക്കുന്നത് നേരിൽ കണ്ടു ബോധ്യപ്പെട്ടു.
3. വിതരണ വിവരം പരിശോധിച്ചതിൽ 70 പേരുടെ കൈപ്പറ്റു രശീതി മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.
4. 115 കട്ടിലുകളിൽ വിതരണരേഖകൾ ഉള്ള 70 എണ്ണവും ഭൗതിക പരിശോധനയിൽ കണ്ട 28 എണ്ണവും ഒഴികെയുള്ള 17 കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.
5. കൈപ്പറ്റു രശീതി ലഭ്യമാക്കിയ 70 പേരിൽ താഴെ പറയുന്ന 7 പേർ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല.

| ക്രമ നമ്പർ | കൈപ്പറ്റിയ ആളുടെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | ചിന്നമ്മു ചെറായി | 2 |

| | | |
|---|---|---|
| 2 | കമല കിഴക്കേ പുരക്കൽ | 3 |
| 3 | കരുണാകരൻ കടുക്കനാരി | 3 |
| 4 | രാമകൃഷ്ണൻ പറമ്പിൽ തൊടി | 3 |
| 5 | കുഞ്ഞി കൊഴുമ്മൽ പൂതേരി വളപ്പിൽ | 3 |
| 6 | അപ്പു നടുവാക്കാട്ടിൽ | 3 |
| 7 | സുമതി കാട്ടിലാക്കൽ | 3 |

6. കട്ടിലുകൾ വിതരണം ചെയ്തതിൽ 19 പേരുടെ പ്രായം തെളിയിക്കുന്നതിനുള്ള രേഖകളൊന്നും ഫയലിൽ ഇല്ല. ഇവർ 60 വയസ്സിനു മുകളിലുള്ളവരാണെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 2020 വർഷത്തിലും 60 വയസ്സ് തികഞ്ഞിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | ആധാർ കാർഡ് പ്രകാരം ജനന വർഷം | 2019-20വർഷത്തിൽപൂർത്തീകരിച്ച വയസ്സ് |
|---|---|---|---|
| 1 | ചക്കിക്കുട്ടി ചന്തനറമ്പത്ത് | 1962 | 57 |
| 2 | കൊലവൻകുട്ടി കൊട്ടപ്പുഞ്ചയിൽ | 1961 | 58 |
| 3 | കമലം സി കുട്ടാലക്കാവിൽ | 1961 | 58 |

ആധാർ കാർഡിന്റെ പകർപ്പ് മാത്രമാണ് ഫയലിൽ ഉള്ളത് . മേൽ ഗുണഭോക്താക്കൾക്ക് 60 വയസ്സ കഴിഞ്ഞതിന്റെ മെഡിക്കൽ ബോർഡ് സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

7. പ്രായം തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കാതെ കട്ടിലുകൾ വിതരണം ചെയ്ത താഴെ പറയുന്ന 19 ഗുണഭോക്താക്കളുടെ അനുബന്ധരേഖകളും ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | കാളി എൻ കെ |
| 2 | കുഞ്ഞിക്കൊലവൻ |
| 3 | ലക്ഷമി കെ പി |
| 4 | കൊയലൻ ചക്കിക്കുട്ടി |
| 5 | ചാത്തൻകുട്ടി കണ്ണഞ്ചേരി |
| 6 | കാളി W/o ശങ്കരൻ വെളിമുക്ക് |
| 7 | ചാത്തൻകുട്ടി S/o ശങ്കരൻ |
| 8 | കുഞ്ഞാടി S/o ചൂലൻകുട്ടി |
| 9 | ഇട്ടേക്കി കാരി |
| 10 | ടി പി ബാലകൃഷ്ണൻ |
| 11 | ശ്രീമതി തെക്കേപുരക്കൽ |
| 12 | പത്തൂർ സുകുമാരി |
| 13 | രാമകൃഷ്ണൻ പറമ്പിൽതൊടി |
| 14 | സുമതി കാട്ടിലാക്കൽ |
| 15 | സൗമിനി പുത്തൂർ |
| 16 | സരള നായടി |
| 17 | മാധവി കരണിയിൽ |
| 18 | കുഞ്ഞി പൂതേരി വളപ്പ് |
| 19 | അപ്പു നടുവക്കാട്ടിൽ |

മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/2019-20/20.11.2021) 115 പേരുൾപ്പെടുന്ന ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കുന്നു എന്ന് മറുപടി നൽകിയെങ്കിലും അത്തരത്തിൽ ഒരു ലിസ്റ്റ് ലഭ്യമാക്കുകയുണ്ടായില്ല. പദ്ധതി നിർവ്വഹണം ചെയ്ത അസി. സെക്രട്ടറി ട്രാൻസ്ഫർ ആയി കോടഞ്ചേരി പഞ്ചായത്തിലേക്ക് മാറിയതിനാലും തുടർന്നു വന്ന അസി. സെക്രട്ടറിമാരുടെയും എസ് സി കോർഡിനേറ്ററുടെയും നിസ്സഹകരണം മൂലവുമാണ് പദ്ധതി പ്രകാരം വാങ്ങിയ കട്ടിലുകൾ വിതരണം ചെയ്യാത്തത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ 75 പേരാണെന്നിരിക്കെ 115 കട്ടിലുകൾ വാങ്ങിയത് ന്യായീകരിക്കാനുതകുന്ന മറുപടിയൊന്നും

ലഭ്യമാക്കിയില്ല. കൂടാതെ 22.10.2019ന് ലഭ്യമായ കട്ടിലുകൾ വിതരണം ചെയ്യാതിരിക്കുന്നതിന് 09.09.2020 ന് ട്രാൻസ്ഫർ ആയി കോടഞ്ചേരി പഞ്ചായത്തിലേക്കു പോയതിനു ശേഷം വന്ന അസി.സെക്രട്ടറിയെ കുറ്റപ്പെടുത്തുന്നതും ഉചിതമായ മറുപടിയല്ല.

പദ്ധതി പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരും മതിയായ രേഖകൾ ഹാജരാക്കി കട്ടിൽ കൈപ്പറ്റിയവരുമായ 44 പേർക്ക് വിതരണം ചെയ്ത കട്ടിലുകൾ ഒഴികെയുള്ളവയുടെ വില ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ബാക്കി കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ, 115 അർഹരായ ഗുണഭോക്താക്കളെ അംഗീകരിച്ചുകൊണ്ടുള്ള ഭരണസമിതിയുടെ തീരുമാനം, അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയത് ഭരണ സമിതി സാധൂകരണം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുന്നതു വരെ 71 കട്ടിലുകളുടെ വില (71* 4239.5) 301004.5/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-28 പൊളിക്കാൻ നിശ്ചയിച്ച കെട്ടിടം മോടി കൂട്ടി- തുക പാഴ് ചെലവ്

2019-20 ൽ ഓഫീസിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് താഴെ പറയും പ്രകാരം പ്രോജക്ടുകൾ സെക്രട്ടറി നിർവ്വഹണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽതുക | ഫണ്ടിനം | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 172/20 പഞ്ചായത്ത് ഓഫീസ് നവീകരണം | 1500000 | തനത് | 1497866 | വൗച്ചർ നം. 21900755/29.11.2019 |
| 2 | 216/20 ഗ്രാമ പഞ്ചായത്തിൽ റെക്കോർഡ് റൂം അനുബന്ധ സൗകര്യങ്ങൾ സജ്ജീകരിക്കൽ | 1300000 | തനത് | 1296348 | വൗച്ചർ നം. 21900977/22.01.20 |

മേൽ പ്രോജക്ടുകൾ പ്രകാരം പഞ്ചായത്ത് ഓഫീസിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വിവിധ പ്രവൃത്തികൾ ചെയ്തതിന് സിഡ്കോയ്ക്കാണ് തുക നൽകിയിട്ടുള്ളത്. പ്രോജക്ടുകൾ പ്രകാരം ചെയ്ത പ്രവർത്തികളുടെ വിവരം താഴെ ചേർക്കുന്നു.

1. പ്രോജക്ട് 172/20 പഞ്ചായത്ത് ഓഫീസ് നവീകരണം

| ക്രമ നമ്പർ | ചെയ്ത പ്രവൃത്തി | തുക |
|---|---|---|
| 1 | Gypsom Ceiling Including Led Lightening And Painting | 190330.75 |
| 2 | L Shaped Tables Of Size 4ft*4ft*2ft With 30” Height | 617174.94 |
| 3 | L Shaped Table For AS And JS 5ft*4ft*2ft With 30” Height | 100071.30 |
| 4 | Rub Wood Table For Attenders 6ft*2ft*2.5ft | 33313.19 |
| 5 | Curtain Work Horizontal Bilinds (150*150cm) | 19626.97 |
| 6 | Wall Mounted Rack Shelves | 43107.75 |
| 7 | Front Office Table With Cupboards | 44609.70 |
| 8 | Rub Wood Almirah 6ft*2ft | 131061.84 |
| 9 | Front Office Partition 8ft*9ft*7ft*9ft With Walldrbesand Shelves | 124193.16 |
| 10 | Door Paneling For Secretary, President And Members Room | 93226.27 |
| 11 | Wiring And Networking | 101150.00 |
| | | 1497865.87 |

2. 216/20 ഗ്രാമ പഞ്ചായത്തിൽ റെക്കോർഡ് റൂം അനുബന്ധ സൗകര്യങ്ങൾ സജ്ജീകരിക്കൽ

| ക്രമ നമ്പർ | ചെയ്ത പ്രവർത്തി | തുക |
|---|---|---|
| 1 | High Rack Revolving Chair(3 Nos) | 42369 |
| 2 | Modification Of Door Of Presidents Room | 19040 |
| 3 | Curtain Work At Presidents Room | 6337.64 |
| 4 | Trophy Stand 6*4ft At Presidents Room | 53526.20 |
| 5 | Medium Back Chair(13 Nos) | 92449.00 |

| | | |
|---|---|---|
| 6 | Modification Of Door Of Secretary's Room | 6338 |
| 7 | Curtain Work At Secretary's Room | 9520 |
| 8 | Modification Of Door Of Vice Presidents Room | 9520 |
| 9 | Curtain Work At Vice Presidents Room | 8450 |
| 10 | Modification Of Door Of Member's Room | 9520 |
| 11 | Curtain Work At Member's Room | 12675.30 |
| 12 | Wall Mounted Racks In The Member's Room (18Nos) | 133873.40 |
| 13 | Rub Wood Almirah 6ft*2ft (6 Nos) | 196593.00 |
| 14 | Dor Panelling For Office Door | 26192.00 |
| 15 | High Back Revolving Chair | 19097 |
| 16 | Record Room Rack 16ft*8ft*1.5ft | 309626.00 |
| 17 | Record Room Rack 6ft*8ft*1.5ft | 113740.20 |
| 18 | Record Room Rack 8ft*8ft*1.5ft | 151654.00 |
| 19 | Record Room Racks ,Wpvc Doors With Glass | 75827.00 |
| | | 1296347.74 |

ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പ്രോജക്ട് നമ്പർ 216/20 ൽ സപ്ലൈ ഓർഡർ നൽകിയതും, പണി പൂർത്തീകരിച്ച തുക നൽകിയതും സിഡ്കോ ക്ക് ആണെങ്കിലും കരാർ ചമച്ചിരിക്കുന്നത് ആർട്ട്കോയുമായാണ്.

2.സിഡ്കോ ക്ക് സപ്ലൈ ഓർഡർ നൽകുന്നതിന് ഭരണ സമിതി തീരുമാനിക്കുന്നത് 10.10.2019 ലെ 2(5) തീരുമാന പ്രകാരമാണ്. എന്നാൽ 28.09.2019 ലെ എ2-1968/19 നമ്പർ കത്ത് പ്രകാരം സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഭരണസമിതി തീരുമാനമെടുക്കുന്നതിനു മുൻപുതന്നെ സിഡ്കോക്ക് സപ്ലൈ ഓർഡർ നൽകിയത് ക്രമപ്രകാരമല്ല.

3. അക്രഡിറ്റഡ് ഏജൻസിയുടെ എഞ്ചിനീയറിംഗ് വിഭാഗമോ, പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗമോ, പ്രവൃത്തിയുടെ വാല്യവേഷൻ നടത്തിയതായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. പഞ്ചായത്തിന്റെ കെട്ടിടം ഉൾപ്പെടെയുള്ള ഭൂമി എൻ എച്ച് 17 ന്റെ വികസനവുമായി ബന്ധപ്പെട്ട് ദേശീയപാത വികസന അതോറിറ്റി ഏറ്റെടുക്കുന്നതാണെന്ന് 14.03.2018 ന നോട്ടിഫൈ ചെയ്തിരുന്നു.( Notification Under Section 3A(3)of NH Act 1956 Published In Mathrubhoomi And Malayala Manorama Dailieson 14.03.2018). ഇങ്ങനെ ദേശീയപാത വികസന അതോറിറ്റി ഏറ്റെടുക്കുന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ മേൽ പ്രോജക്ടുകൾ പ്രകാരം ചെയ്ത പ്രവൃത്തികളിൽ ഭൂരിഭാഗവും കെട്ടിടം പൊളിക്കുന്നതോടു കൂടി ഇല്ലാതാവുന്നതാണ് . Movable Asset ആയ Table, Chair, Almirahs, Wall Mounted Racks എന്നിവ ഒഴികെയുള്ളവ നിലനിൽക്കുകയില്ല. നിലവിൽ ഗ്രാമ പഞ്ചായത്ത് ഓഫീസിന് തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെല്ലാം പൊളിച്ച് തുടങ്ങിയിട്ടുണ്ട്. അധികം താമസിയാതെ ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടവും പൊളിച്ചുമാറ്റുമെന്നതിനാൽ മേൽ പ്രൊജക്ട് പ്രകാരം ചെലവഴിച്ച തുകയുടെ ഭൂരിഭാഗവും പാഴ്ചെലവായി മാറും എന്നതിൽ സംശയമില്ല. ആയതിനാൽ ദേശീയപാത വികസന അതോറിറ്റിയുടെ നോട്ടിഫിക്കേഷന് ശേഷം ഇത്തരത്തിൽ പഞ്ചായത്തിന്റെ തനത്ഫണ്ട് ചെലവഴിച്ചതിന് ഒരു ന്യായീകരണവുമില്ല.

അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/19-20/22.11.2021) മിസ്പ്ലേസ് ആയിരുന്ന സിഡ്കോയുമായി ചമച്ച കരാർ ലഭ്യമാക്കി. പഞ്ചായത്തിലെ എൽ എസ് ജി ഡി വിഭാഗത്തിന്റെ, പ്രവൃത്തിയുടെ വാല്യവേഷൻ സംബന്ധിച്ചുള്ള റിപ്പോർട്ട് വാങ്ങണമെന്ന അറിവില്ലായ്മ മൂലമാണ് ഇത്തരത്തിൽ അപാകത സംഭവിച്ചതെന്ന് വ്യക്തമാക്കി.

പഞ്ചായത്തിൽ ഐ എസ് ഒ ലഭ്യമാവുന്നതിനു വേണ്ടിയാണ് ഇത്തരത്തിൽ പ്രവൃത്തികൾ നടത്തിയതെന്നാണ് മറുപടി നൽകിയത്. ഐ എസ് ഒ മാനദണ്ഡപ്രകാരം ജനങ്ങൾക്കു നൽകേണ്ട സേവനങ്ങളാണ് മെച്ചപ്പെടുത്തേണ്ടത്. എൻ എച്ച് വികസനം അറിഞ്ഞുകൊണ്ട് ഇത്തരത്തിൽ പാഴ്ചെലവ് ചെയ്തത് ഒഴിവാക്കേണ്ടതായിരുന്നു. കെട്ടിടം പൊളിച്ചുമാറ്റുമ്പോൾ വീണ്ടെടുക്കാനാവാത്ത നഷ്ടങ്ങൾ കണക്കാക്കി ഉചിതമായ നഷ്ടപരിഹാരം പഞ്ചായത്ത് ഫണ്ടിന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.

ജി.ഒ. (എം.എസ്) നമ്പർ 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില(ജി.എസ്.ടി.യുൾപ്പെടെ) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.എെ.യിൽ അക്കൗണ്ട് തുടങ്ങാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ജി.ഒ. (എം.എസ്).3186/2017 /LSGD/2-10-2017 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. 2019-20 വർഷത്തിൽ ഇ- ടെണ്ടർ ചെയ്തതിലൂടെ ലഭിക്കാനുള്ള തുകകളുടെ വിവരം ചുവടെ കൊടുക്കുന്നു..

| പ്രൊജക്ട് നമ്പർ | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫീ | ആകെ |
|---|---|---|---|
| 209/20 | 2 | 1921 | 3842 |
| 157/20 | 2 | 1130 | 2260 |
| 168/20 | 1 | 1356 | 1356 |
| 197/20 | 5 | 1356 | 6780 |
| 176/20 | 7 | 1130 | 7910 |
| 201/20 | 2 | 2825 | 5650 |
| 202//20 | 7 | 1344 | 9408 |
| 154/20 | 2 | 2800 | 5600 |
| 153/20 | 5 | 2800 | 14000 |
| 171/20 | 1 | 1680 | 1680 |
| 150/20 | 1 | 1814 | 1814 |
| 221/20 | 4 | 2800 | 11200 |
| 155/20 | 3 | 2800 | 8400 |
| | ആകെ | | 79900 |

മേൽ തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിന് സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 34/2019-20/25.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്..

## 1-30 ചുഴലി മയ്യാറ്റിൽ റോഡ് കോൺക്രീറ്റിംഗ്- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ,

പ്രൊജക്ട് നമ്പർ- 111/20 (സ്പിൽഓവർ)

കരാറുകാരൻ- ശ്രീ. ഹൈദ്രോസ്. കെ,

എസ്റ്റിമേറ്റ് തുക- 6.2ലക്ഷം

ക്വാട്ട് ചെയ്ത നിരക്ക്- 473200

ബിൽ നമ്പർ- 12/29.7.19, 230000 രൂപ

എഗ്രിമെന്റ് നമ്പർ- 40/17-18/AE/MNR/30.10.2017

എം.ബുക്ക്- 74/17-18

തനത് ഫണ്ടിൽ നിന്നും 244000 രൂപയും സി.എഫ്.സി 376000 രൂപയും ഉൾപ്പെടെ 6.2 ലക്ഷം രൂപ അടങ്കലിൽ 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മേൽ പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തി കരാറുകാരൻ നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. 25.1.2019 ന് അവസാനമായി അളവെടുത്തത് പ്രകാരം 351171 രൂപയ്ക്കാണ് ചെയ്ത പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്തിട്ടുള്ളത്. തനത് ഫണ്ടിൽ നിന്നും 2018-19 ൽ (30.3.2019) നൽകിയ 121171 രൂപ കിഴിച്ച് മേൽ ബിൽ പ്രകാരം 230000 രൂപ സി.എഫ്.സി ഫണ്ടിൽ നിന്നും മേൽ പ്രവൃത്തിക്ക് വേണ്ടി പിൻവലിച്ചു.

കരാറുകാരന് നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

ആകെ പ്രവൃത്തിയുടെ മൂല്യം- 351171

(-) റീടെൻഷൻ- 35118

ഫൈൻ- 17559

ജി.എസ്.ടി- 7024

ഐ.ടി- - 3512

വെൽഫയർ ഫണ്ട് - 3512

2018-19 ൽ നൽകിയത്- 121171

(ചെക്ക് നമ്പർ- 26735809/30-3-2019)

കരാറുകാരന് ബാക്കി തുക നൽകിയത്- 163275

എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരന് 15.102018 ന് കത്ത് നൽകിയതൊഴിച്ചാൽ മറ്റ് തുടർ നടപടികളൊന്നും ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടില്ല.

കരാറുകാരനിൽ നിന്ന് പിടിച്ച് വെച്ച റീടെൻഷൻ തുകയും സെക്യൂരിറ്റിയും തിരിച്ച് നൽകിയിട്ടില്ലാത്തതിനാൽ മേൽ പ്രവൃത്തിയിൽ ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധനാ വിധേയമാക്കേണ്ടതും നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ എഗ്രിമെന്റ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നഷ്ടം ഈടാക്കേണ്ടതുമാണ്.

ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

( ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 42 /*2019-20*/ 25.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-31 ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത മൂലം അധിക നിരക്ക് നൽകി

വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യതിന് 0.35 Mm GI പ്രൊഫൈൽ ഷീറ്റിന് ഒബ്സർവ്ഡ് ഡാറ്റ പ്രകാരം 37.25 % കോസ്റ്റ് ഇൻഡക്സിൽ 618.43/$m^2$ എന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത്. ഡാറ്റ പരിശോധിച്ചതിൽ നിരക്ക് കണക്കാക്കിയതിൽ അപാകത ശ്രദ്ധയിൽപ്പെട്ടു.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് നാഷണൽ ബിൽഡിംഗ് കോഡ് അനുസരിച്ചുള്ള DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളൂ. അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വരുന്നത്.

ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ എന്നതിനാൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ GI ഷീറ്റിന് പകരം പി.വിസി കൊറുഗേറ്റഡ്, ഷീറ്റിനുള്ള നിരക്കും അളവുകളും ഉപയോഗിച്ചാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. ഇതുമൂലം ഷീറ്റ് പ്രവൃത്തിക്ക് അധികച്ചലവുണ്ടായിട്ടുണ്ട്. അനുവദനീയമായ നിരക്കിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.60 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |

| | | | | | |
|---|---|---|---|---|---|
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.65 |
| Cost For 216.14sqm | | | | | 84901.65 |
| Cost For 1 Metre | | | | | 392.81 |
| Add Water Charge1% | | | | | 3.93 |
| Total | | | | | 396.74 |
| Add CPOH 15% | | | | | 59.51 |
| Cost Index 37.25% (Excluding MR) | | | | | 29.64 |
| Total | | | | | 485.89 |

ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ പിശക് മൂലം മീറ്റർ സ്ക്വയറിന് 100 രൂപയിലധികം ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം വിവിധ മരാമത്ത് പ്രവൃത്തികൾക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്നറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അധിക നിരക്ക് നൽകിയതിന് വസ്തുതാപരമായ വിശദീകരണമോ മറുപടിയോ ലഭ്യമാക്കിയിട്ടില്ല. അധിക തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| മണ്ണട്ടംപാറ അങ്കണവാടിക്ക് മുകളിൽ സ്ത്രീ ശാക്തീകരണയൂണിറ്റ് (145/21)<br>TS- 580470<br>ബിൽ 14/ 23.9.2019 , തുക 555897<br>കരാർ 13/01.11.2018<br>കോൺട്രാക്ടർ ശ്രീ . രാമചന്ദ്രൻ. ടി.കെ.<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>അളവ് പുസ്തകം - 192/18-19 | Item No.24<br>64.60$m^2$ | 38760<br>@600/$m^2$ | 30057<br>@485.89/$m^2$<br>ഐറ്റം Contract നിരക്കിൽ പരിമിതപ്പെടുത്തിയത് =465.28/$m^2$ | 8703 |
| എസ്.സി.തൊഴിൽ പരിശീലന കേന്ദ്രം അറ്റകുറ്റപ്പണി (100/20)<br>TS- 200000<br>ബിൽ 03/ 23.5.2019 , തുക 166115<br>കരാർ 1/21.08.2018<br>കോൺട്രാക്ടർ ശ്രീ . ഇ.കെ.അബ്ദുൽ | Item No.4<br>31.39$m^2$ | 19412.52<br>@618.43 /$m^2$<br>10.2% കുറഞ്ഞ നിരക്കിൽ പരിമിതപ്പെടുത്തിയത്<br>17433 | 15252.08<br>@485.89<br>10.2% കുറഞ്ഞ നിരക്കിൽ പരിമിതപ്പെടുത്തിയത്<br>13696 | 3737 |

| | | | | |
|---|---|---|---|---|
| അസീസ് (10.2% കുറഞ്ഞ നിരക്ക്)<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>അളവ് പുസ്തകം - 97/18-19 | | | | |
| ആകെ | | | | 12440 |

അധികം നൽകിയ 12440 രൂപ തെറ്റായി ഒബ്സർവ്ഡ് ഡാറ്റയുണ്ടാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി- അഞ്ജലി ഷാജി, സാങ്കേതികാനുമതി നൽകിയ അസി. എക്സി. എഞ്ചിനീയർ ശ്രീ. അനിൽദാസ് കെ.ടി. എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-32 കാട്ടുവാചിറ വി.സി.ബി. റിപ്പയർ പ്രവൃത്തി - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രവൃത്തിയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ-110/20

സാങ്കേതികാനുമതി-555000

കരാറുകാരൻ- ശ്രീ. എ.കെ. ബാബു

ക്വാട്ട് ചെയ്ത നിരക്ക്- 549498

എഗ്രിമെന്റ് നമ്പർ- 48/2017-18/AE/MNR, തി-2.11.2017

കോസ്റ്റ് ഇൻഡക്സ്- 40.2%

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ 555000 രൂപ അടങ്കലിൽ ( പ്ലാൻ- 250000, ഗു.വി.-55000, ബ്ലോക്ക് വിഹിതം- 250000) ഉൾപ്പെടുത്തി നടപ്പാക്കിയ മേൽ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. ബിൽ നമ്പർ 6/11.7.2019 പ്രകാരം 166140 രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. (16614 രൂപ റീടെൻഷൻ ആയും 495 രൂപ ഫൈൻ ആയും പാർട്ട് ബില്ലിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ട്.). എന്നാൽ നാളിതു വരെ ഫൈനൽ ബിൽ നൽകിയിട്ടില്ല.

2. പാർട്ട് ബിൽ നൽകിയപ്പോൾ ആനുപാതികമായ ഗുണഭോക്തൃ വിഹിതം കുറവ് ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- */2019-20/* 22.11.2021 നുള്ള മറുപടിയിൽ അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-33 എസ്.സി.തൊഴിൽ പരിശീലന കേന്ദ്രം - നിഷ്ക്രിയ ആസ്തിയായി തുടരുന്നു.

എസ്. സി. തൊഴിൽ പരിശീലന കേന്ദ്രത്തിന് വേണ്ടി വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ച കെട്ടിടത്തിൽ തൊഴിൽ പരിശീലനങ്ങളൊന്നും ആരംഭിക്കാതെ നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു. ഓഡിറ്റ് കാലയളവിൽ ടി- കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി , വൈദ്യുതീകരണം എന്നിവയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ചുവടെ കൊടുത്തിട്ടുള്ള വിധം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 19-11-2021 ന് അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ തൊഴിൽ പരിശീലന കേന്ദ്രം ചുറ്റുഭാഗവും കാട്ടുമൂടിയ അവസ്ഥയിലാണ് കാണാൻ കഴിഞ്ഞത്. തൊഴിൽ പരിശീലനങ്ങൾ നാളിതു വരെ ആരംഭിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു. 2019-20 വർഷത്തിൽ പരിശീലന കേന്ദ്രത്തിന് വേണ്ടി ചെലവ് ചെയ്തതിന്റെ വിവരം ചുവടെ

| ക്രമ നമ്പർ | പ്രൊജക്ട് വിശദാംശങ്ങൾ | ചെലവ് തുക | ബിൽ നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | എസ്.സി .തൊഴിൽ പരിശീലന കേന്ദ്രം അറ്റകുറ്റപ്പണി<br>പ്രൊജക്ട് നമ്പർ- | 166115 | 03/23.5.2019 | പരിശീലന കേന്ദ്രം പ്രവർത്തനമാരംഭിക്കുന്നതിന് ഒരു തയ്യാറെടുപ്പും നടത്താതെ ടൈൽ പതിക്കൽ, ഗ്രിൽ സ്ഥാപിക്കൽ, |

| | | | | |
|---|---|---|---|---|
| | 100/20<br>സാങ്കേതികാനുമതി- 200000<br>ഫണ്ടിനം- പ്ലാൻ (എസ്.സി.പി.)<br>കരാറുകാരൻ- ശ്രീ. ഇ.കെ.അബ്ദുൽ അസീസ്<br>എം ബുക്ക്- 97/18-19 | | | ഷീറ്റ് റൂഫിംഗ് എന്നിവ ചെയ്തെങ്കിലും ഒരു പ്രയോജനവുമില്ല. കോണിക്കൂടിന് മുകളിൽ ഷീറ്റ് റൂഫിംഗ് നടത്തിയ ജി.എെ. ഷീറ്റ് നശിച്ചിട്ടുണ്ട്. |
| 2 | എസ്.സി .തൊഴിൽ പരിശീലന കേന്ദ്രം വൈദ്യുതീകരണം<br>പ്രൊജക്റ്റ് നമ്പർ- 109/20<br>സാങ്കേതികാനുമതി- 190000<br>ഫണ്ടിനം- പ്ലാൻ (എസ്.സി.പി.)<br>കരാറുകാരൻ- ശ്രീ. ജാഫർ സാദിഖ്<br>എം ബുക്ക്- 1/18-19 | 174795 | 9/23.5.2019 | പരിശീലന കേന്ദ്രം പ്രവർത്തനമാരംഭിക്കാത്തതിനാൽ വയറിംഗ് ഉപയോഗ ശൂന്യമാകുന്ന സാഹചര്യമാണുള്ളത്. |

കെട്ടിട സൗകര്യമേർപ്പെടുത്തി വർഷങ്ങൾ പിന്നിട്ടിട്ടും പരിശീലന കേന്ദ്രം പ്രവർത്തനക്ഷമമാക്കാൻ സാധിക്കാത്തത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയാണ്. പദ്ധതി ലക്ഷ്യം കൈവരിക്കാത്തതും ആർജ്ജിച്ച ആസ്തികൾ പ്രയോജനപ്പെടുത്താനാവാത്തതുമായ സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇക്കാര്യത്തിലുള്ള തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതു അപാകതകൾ

2019-20വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽഓവർ ഉൾപ്പെടെ ആകെ 86 പദ്ധതികൾ തയ്യാറാക്കിയതിൽ 36 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 86 | ആകെ അടങ്കൽ | 44867460 |
| നടപ്പിലാക്കിയത് | 34 | ചെലവ്<br>( 31.3.2020 ന് ട്രഷറിയിൽ ക്യൂ വിലായിരുന്ന 3388917 രൂപയുടെ ബില്ലുകൾ ഉൾപ്പെടുത്തിയിട്ടില്ല) | 8644082 |
| ശതമാനം | 40 | ചെലവ് ശതമാനം | 19.26 |

മരാമത്ത് നിർവ്വഹണത്തിൽ കണ്ടെത്തിയ പൊതു അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പ്രൊജക്ടുകൾ നിർവ്വഹിക്കപ്പെടാതെ പോകുന്നു. ഫണ്ട് ചെലവഴിക്കാനാവുന്നില്ല .
ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 86 പ്രോജക്ടുകളാണ് നിർവ്വഹണത്തിന് ഏറ്റെടുക്കുന്നത്. ഏറ്റെടുത്ത പ്രോജക്ടുകളിൽ 52 എണ്ണം നിർവ്വഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. 31 സ്പിൽഓവർ പ്രൊജക്ടുകളിൽ 19 എണ്ണം മാത്രമാണ് നടപ്പാക്കാനായത്. പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ്. നിരവധി ജീവനക്കാരുടെ അധ്വാനവും പൊതു ധനവും പൊതു സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയുമാണ് ഓരോ പ്രൊജക്ടും തയ്യാറാക്കുന്നത്. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിർവ്വഹണം നടത്താതെ വരുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപ്പെടുത്തുന്നതിനും വകയിരുത്തിയ ഫണ്ട് ചെലവഴിക്കാതെ

വരികയും ചെയ്യുന്നു. അസി. എഞ്ചിനീയറുടെ പ്രോജക്ടുകൾ നടപ്പിലാക്കാത്തതിനാൽ മാത്രം 3,62,23,378 രൂപ തൻവർഷം ചെലവഴിക്കാനായില്ല.

ഏറ്റെടുക്കുന്ന പ്രവൃത്തികൾ എല്ലാം തൻവർഷം തന്നെ പൂർത്തിയാക്കുന്നതിന് ക്രിയാത്മക നടപടികൾ ഉണ്ടാവേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

2. റോഡ് കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്ക ിയിട്ടില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി പ്ലാനും റോഡ് കണക്റ്റിവിറ്റി മാപ്പും തയ്യാറാക്കിയിരിക്കണമെന്ന് സർക്കാരിന്റെ നിർദ്ദേശമുള്ളതാണ്. മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത് എന്നിരിക്കെ ഗ്രാമ പഞ്ചായത്ത് റോഡ് കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല.

റോഡ് കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കുന്നതിന് വികസന സ്റ്റാൻറിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

3. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല .

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാക്കുന്നതിന് അതാത് സ്റ്റാൻറിംഗ് കമ്മിറ്റികൾ നേതൃത്വപരമായ ഇടപെടൽ നടത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുമാണ്.

4. ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല .

13- പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ( ജി.ഒ.(എം.എസ്.72/2017/ത.സ്വ.ഭ.വ, തീയതി-29-3-2017) ഓരോ തദ്ദേശ ഭരണസ്ഥാപനവും മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. . എന്നാൽ ഗ്രാമ പഞ്ചായത്ത് റോഡ്/ റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഇത്തരത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പി.എച്ച്.സി. യിൽ വർഷംതോറും മെയിൻറനൻസ് ഫണ്ട് ചെലവഴിക്കുന്നുണ്ടെങ്കിലും സ്ഥാപനത്തെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ആശുപത്രി പ്രദാനം ചെയ്യുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ആസ്തി സംരക്ഷണ പദ്ധതിയുടെ അഭാവത്താൽ ഉണ്ടാവുന്നില്ല

5. നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്ക ൽ- കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല .

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 1% കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല.

മേലിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് ക്ഷേമനിധി വിഹിതം അടവാക്കേണ്ടതാണ്.

മേൽ പോരായ്മകൾ ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## ഭാഗം -2

### 2-1 പെർമിറ്റ് ഫീ കുറവായി ഈടാക്കി

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ (G.O(P) No.77/2019 Dt. 02.11.2019) ഷെഡ്യൂൾ II പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് 7 രൂപ/ച.മീറ്ററും വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്-10രൂപ/ച.മീറ്ററുമാണ് പെർമിറ്റ് ഫീസ്. എന്നാൽ താഴെ പറയുന്ന അപേക്ഷകളിൽ പെർമിറ്റ് ഫീസ് കുറവായാണ് ഈടാക്കിയത്.

| പെർമിറ്റിന് | അപേക്ഷ | പെർമിറ്റ് നമ്പർ | വിനിയോഗ | ഈടാക്കേണ്ട | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|

| അപേക്ഷിച്ചയാളുടെ പേര് | നമ്പർ | | തരം/വിസ്തീർണ്ണം | തുക | | |
|---|---|---|---|---|---|---|
| മണ്ണാഞ്ചേരി സന്തോഷ് കുമാർ | A5-7457 Dt.7.11.2019 | A5-BA (350554)/2019 | പാർപ്പിടം/243.86 ച.മീറ്റർ | 1707/- രൂപ (7*243.86) | 732 (3രൂപ/ച.മീറ്റർ) | 975 |
| ആകെ | | | | | | 975 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/19-20 തിയ്യതി 23.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവായ പെർമിറ്റ് ഫീ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി കുറവായി ഈടാക്കി

2019-20സാമ്പത്തിക വർഷത്തിലെ ആദ്യ അർദ്ധവർഷം താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം (വരുമാന പത്രിക പ്രകാരം) | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | ഗവൺമെന്റ് ആയുർവേദ ഹോസ്പിറ്റൽ മൂന്നിയൂർ | ജിതേഷ് കുമാർ | 84000 | 450 | 750 | 300 |
| 2 | ജി.എം.യു.പി.എസ് പാറക്കടവ് | രമ്യ സി | 181440 | 1000 | 1250 | 250 |
| 3 | ജി.എം.യു.പി.എസ് പാറക്കടവ് | പ്രവീണ വി | 181440 | 1000 | 1250 | 250 |
| 4 | കൊശമറ്റം ഫിനാൻസ് | സുനിത അമ്പാളി | 72000 | 300 | 600 | 300 |
| 5 | കൊശമറ്റം ഫിനാൻസ് | ബബിത കെ | 60000 | 300 | 600 | 300 |
| 6 | കൊശമറ്റം ഫിനാൻസ് | വിദ്യ എ | 60000 | 300 | 600 | 300 |
| 7 | CRHSS വെളിമുക്ക് | മുഹമ്മദ് വി | 85500 | 450 | 750 | 300 |
| ആകെ | | | | | | 2000 |

2. 2019-20സാമ്പത്തിക വർഷത്തിലെ രണ്ടാം അർദ്ധവർഷം താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം (വരുമാന പത്രിക പ്രകാരം) | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | എം.ജി.എൻ.ആർ.ഇ.ജി.എസ് മൂന്നിയൂർ ഗ്രാമ പഞ്ചയത്ത് | റഹീദ് | 113825 | 750 | 1000 | 250 |
| ആകെ | | | | | | 250 |

ടി- ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -3

## 3-1 ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത മൂലം അധിക നിരക്ക് നൽകി

വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യതിന് 0.35 Mm GI പ്രൊഫൈൽ ഷീറ്റിന് ഒബ്സർവ്ഡ് ഡാറ്റ പ്രകാരം37.25 % കോസ്റ്റ് ഇൻഡക്സിൽ 618.43/$m^2$ എന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത്. ഡാറ്റ പരിശോധിച്ചതിൽ നിരക്ക് കണക്കാക്കിയതിൽ അപാകത ശ്രദ്ധയിൽപ്പെട്ടു.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് നാഷണൽ ബിൽഡിംഗ് കോഡ് അനുസരിച്ചുള്ള DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളൂ. അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ

തയ്യാറാക്കേണ്ടി വരുന്നത്.

ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ എന്നതിനാൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ GI ഷീറ്റിന് പകരം പി.വിസി കൊറുഗേറ്റഡ്, ഷീറ്റിനുള്ള നിരക്കും അളവുകളും ഉപയോഗിച്ചാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. ഇതുമൂലം ഷീറ്റ് പ്രവൃത്തിക്ക് അധികച്ചെലവുണ്ടായിട്ടുണ്ട്. അനുവദനീയമായ നിരക്കിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.60 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.65 |
| Cost For 216.14sqm | | | | | 84901.65 |
| Cost For 1 Metre | | | | | 392.81 |
| Add Water Charge1% | | | | | 3.93 |
| Total | | | | | 396.74 |
| Add CPOH 15% | | | | | 59.51 |
| Cost Index 37.25% (Excluding MR) | | | | | 29.64 |
| Total | | | | | 485.89 |

ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ പിശക് മൂലം മീറ്റർ സ്ക്വയറിന് 100 രൂപയിലധികം ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം വിവിധ മരാമത്ത് പ്രവൃത്തികൾക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്നറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അധിക നിരക്ക് നൽകിയതിന് വസ്തുതാപരമായ വിശദീകരണമോ മറുപടിയോ ലഭ്യമാക്കിയിട്ടില്ല. അധിക തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| മണ്ണൂട്ടംപാറ അങ്കണവാടിക്ക് മുകളിൽ സ്ത്രീ ശാക്തീകരണയൂണിറ്റ് (145/21)<br>TS- 580470<br>ബിൽ 14/ 23.9.2019 , തുക 555897 | Item No.24<br>64.60m$^2$ | 38760<br>@600/m$^2$ | 30057<br>@485.89/m$^2$<br>ഐറ്റം Contract നിരക്കിൽ പരിമിതപ്പെടുത്തിയത്<br>= 465.28/m$^2$ | 8703 |

| | | | | |
|---|---|---|---|---|
| കരാർ 13/01.11.2018<br>കോൺട്രാക്ടർ ശ്രീ . രാമചന്ദ്രൻ. ടി.കെ.<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>അളവ് പുസ്തകം - 192/18-19 | | | | |
| എസ്.സി.തൊഴിൽ പരിശീലന കേന്ദ്രം അറ്റകുറ്റപ്പണി (100/20)<br>TS- 200000<br>ബിൽ 03/ 23.5.2019 , തുക 166115<br>കരാർ 1/21.08.2018<br>കോൺട്രാക്ടർ ശ്രീ . ഇ.കെ.അബ്ദുൽ അസീസ് (10.2% കുറഞ്ഞ നിരക്ക്)<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>അളവ് പുസ്തകം - 97/18-19 | Item No.4<br>31.39$m^2$ | 19412.52<br>@618.43/$m^2$<br>10.2% കുറഞ്ഞ നിരക്കിൽ പരിമിതപ്പെടുത്തിയത<br>17433 | 15252.08<br>@485.89<br>10.2% കുറഞ്ഞ നിരക്കിൽ പരിമിതപ്പെടുത്തിയത<br>13696 | 3737 |
| ആകെ | | | | 12440 |

അധികം നൽകിയ 12440 രൂപ തെറ്റായി ഒബ്സർവ്ഡ് ഡാറ്റയുണ്ടാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി- അഞ്ജലി ഷാജി, സാങ്കേതികാനുമതി നൽകിയ അസി. എക്സി. എഞ്ചിനീയർ ശ്രീ. അനിൽദാസ് കെ.ടി. എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-2020 | 2019-2020 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 750000 | ഭിന്നശേഷി സ്കോളർഷിപ്പ് 37/2019-20 | 750000 | 0 |
| | 340000 | ലൈഫ് ഭവന പദ്ധതി 07/2019-20 | 340000 | 0 |
| | 100000 | പരിരക്ഷ പാലിയേറ്റീവ് കെയർ 22/2019-20 | 100000 | 0 |

| | | | | |
|---|---|---|---|---|
| | 246900 | വയോജനങ്ങൽക്ക് കട്ടിൽ 115/2019-20 | 241605 | 5295 |
| ആകെ | 1436900 | | 1431605 | 5295 |
| ജില്ലാ പഞ്ചായത്ത് | 746900 | ഭിന്നശേഷി സ്കോളർഷിപ്പ് 37/2019-20 | 746900 | 0 |
| ആകെ | 746900 | | 746900 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| K.S.E.B | 161/20 എറക്കണ്ടം അരീക്കാട്ട പറമ്പ് ഭാഗത്തേക്ക് കാർഷികാവശ്യത്തിനായി വൈദ്യുതിലൈൻ നീട്ടൽ | വൗച്ചർ നമ്പർ 21901229/17.03.2020 | 80385 | 0 | ലഭ്യമല്ല | 80385 |
| K.S.E.B | 166/20 കിഴക്കുമ്പാടം വൈദ്യുതലൈൻ നീട്ടൽ | വൗച്ചർ നമ്പർ 21901230/17.03.2020 | 60000 | 0 | ലഭ്യമല്ല | 60000 |
| മൈനർ ഇറിഗേഷൻ | 248/20 പീലത്തിൽ തോട് വിസിബി അറ്റകുറ്റപ്പണി | വൗച്ചർ നമ്പർ 21901246/19.03.2020. | 429000 | 0 | ലഭ്യമല്ല | 429000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

എ) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 25320810 |
| തൻവർഷം നിക്ഷേപിച്ച തുക | 2097608 (പലിശ വരവ്) |
| ആകെ | 27418418 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 27418418 |

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിശദവിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| തിരുരങ്ങാടി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 559335 | 498/09.04.20 |
| -Do- | 187570 | 04593/31.03.2019 |
| -Do- | 721661 | 2210/09.04.20 |
| -Do- | 1427565 | 497/09.04.20 |
| വെളിമുക്ക് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 3082794 | 20150007624/01.09.20 |
| -Do- | 2055197 | 20150007625/01.09.20 |
| -Do- | 10275982 | 201500076230/01.09.20 |
| -Do- | 4864273 | 201500077774/13.05.20 |
| -Do- | 4244041 | 20150008039/29.11.20 |
| ആകെ പുനർ നിക്ഷേപിച്ച തുക | 27418418 | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 27418418 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2002 ഖണ്ഡിക 18 | 2004-05 ഖണ്ഡിക3.10.1.7 | പദ്ധതിപ്പണം നിക്ഷേപമായി കുടിവെള്ളമെത്തിയില്ല | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2014-15 ഖണ്ഡിക 2-1,2-2 | 2016-17 | പൊതു പരാമർശം | തുടരുന്നു. |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

| സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ് സർചാർജ്ജ വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| മുന്നിയൂർ ഗ്രാമ പഞ്ചായത്ത് | 2007-08 | 3-1 | പി.ചന്ദ്രശേഖരൻ സെക്രട്ടറി | LF8587/ Sp.cell/ SC-D1/ 12/04.12.14 | 5320 | 5320 | -- | Rt. 11402500019/ 31.12.14 |
| | | 3-8 | എം.സി ജാഫർഷെരീഫ്, അസി.എഞ്ചിനീയർ | LF6083/ Spl.Cell/C-D1/12/ 21.2.15 | 396748 | -- | 396748 | OP191/15 Allowed 14.12.17 |
| | 2008-09 | 3-12 | കെ.രാധാകൃഷ്ണൻ, എച്ച്.എം | LF6083/ Spl.cell/SC-D1/12/ 20.2.15 | 510058 | -- | 510058 | WP© 35821/15 Stay 26.11.15 |
| | 2011-12 2012-13 | 3-7 | മൈമൂന കെ.ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | LF5819/ Spl.cell/ CSC-D1/15/ 14.12.17 | 8637 | 8637 | -- | Rt. 11602100076/ 4.4.16 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 100063754 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93699708 |
| വരവിനങ്ങളിലുള്ള നഷ്ടം | 3225 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12440 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3508117 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 975 | | ശ്രീ. സുബാഷ് കുമാർ (സെക്രട്ടറി-ഇൻ-ചാർജ്ജ് ) |
| 2-2 | 2250 | | ശ്രീ. സുബാഷ് കുമാർ -2000(സെക്രട്ടറി-ഇൻ-ചാർജ്ജ് ) |
| | | | ശ്രീ. രാജശേഖരൻ കെ -250(സെക്രട്ടറി) |
| 3 -1 | | 12440 | ശ്രീമതി.അഞ്ജലി ഷാജി , അസിസ്റ്റന്റ് എഞ്ചിനീയർ (6220 രൂപ) |
| | | | അനിൽ ദാസ് കെ.ടി, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ (6220 രൂപ) |
| ആകെ | 3225 | 12440 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 46160 | ഡോ. ഈസ്സാ അരീക്കാടൻ ,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 1-22 | 112500 | ശ്രീ. സുബാഷ് കുമാർ , അസി. സെക്രട്ടറി |
| 1-23 | 41800 | ശ്രീ. സുബാഷ് കുമാർ , അസി. സെക്രട്ടറി |
| 1-25(1) | 2000000 | ശ്രീ. സുബാഷ് കുമാർ ,(സെക്രട്ടറി-ഇൻ-ചാർജ്ജ് ) |
| 1-25(2) | 109015 | ശ്രീ. സുബാഷ് കുമാർ ,(സെക്രട്ടറി-ഇൻ-ചാർജ്ജ് ) |
| 1-25(3) | 300000 | ശ്രീ. രാജശേഖരൻ കെ (സെക്രട്ടറി) |
| 1-25(4) | 429000 | ശ്രീ. രാജശേഖരൻ കെ (സെക്രട്ടറി) |
| 1-25(5) | 9900 | ശ്രീമതി. വൽസല കെ(സെക്രട്ടറി) |
| | 158737 | ശ്രീ. രാജശേഖരൻ കെ (സെക്രട്ടറി) |
| 1-27 | 301005 | ശ്രീ. സുബാഷ് കുമാർ , അസി. സെക്രട്ടറി |
| ആകെ | 3508117 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുബാഷ് കുമാർ (സെക്രട്ടറി-ഇൻ-ചാർജ്ജ് ) | അസി.സെക്രട്ടറി , ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത് | ചേര്യങ്ങാട്ട്(ഹൗസ്), അരിയല്ലൂർ(പി.ഒ), 676312(പിൻ) മലപ്പുറം ജില്ല. |
| ശ്രീ. രാജശേഖരൻ കെ -(സെക്രട്ടറി) | വിരമിച്ചു | അഞ്ചനം(ഹൗസ്), രാമനാട്ടുകര, കോഴിക്കോട് ജില്ല 673631(പിൻ) |
| ശ്രീമതി.അജ്ഞലി ഷാജി അസിസ്റ്റന്റ് എഞ്ചിനീയർ | | ചെറുവള്ളിപ്പടി(ഹൗസ്), അരുവാപ്പാറ(പി.ഒ), പെരുമ്പാവൂർ |
| അനിൽ ദാസ് കെ.ടി, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | | പാലേംകുന്ന് ,നറുകര. പി.ഒ, മഞ്ചേരി, 676122 മലപ്പുറം ജില്ല. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 95-96 | എൽ എഫ് എം 11/895/99 തിയ്യതി 26.10.10 | 10 |
| 1996-97 | എൽ എഫ് എം 11/627/02 തിയ്യതി 26.10.10 | 1 |
| 1997-98 | എൽ എഫ് എം 11/628/02 തിയ്യതി 26.10.10 | 9 |
| 1998-99 | എൽ എഫ് എം 11/629/02 തിയ്യതി 26.10.10 | 4 |
| 1999-00 (വരവ്) | എൽ എഫ് എം 17/483/07 തിയ്യതി 26.10.10 | 5 |
| 1999-02 (പദ്ധതി ചെലവ്) | എൽ എഫ് എം 14/878/04 തിയ്യതി 26.10.10 | 25 |
| 2000-01 | എൽ എഫ് എം 17/485/07 തിയ്യതി 26.10.10 | 4 |
| 2001-02 | എൽ എഫ് എം 17/486/07 തിയ്യതി 26.10.10 | 4 |
| 2002-03 | കെ.എസ്.എ.എം.പി.എം 15/1540/19 തിയ്യതി 09.08.21 | 4 |
| 2003-04 | കെ.എസ്.എ.എം.പി.എം 15/1540/19(1) തിയ്യതി 09.08.21 | 1 |

| | | |
|---|---|---|
| 2005-06 | കെ.എസ്.എ.എം.പി.എം 15/1540/19(3) തിയ്യതി 09.08.21 | 10 |
| 2006-07 | കെ.എസ്.എ.എം.പി.എം 15/1540/19(4) തിയ്യതി 09.08.21 | 19 |
| 2007-08 | കെ.എസ്.എ.എം.പി.എം 15/1540/19(5) തിയ്യതി 09.08.21 | 14 |
| 2008-09 | കെ.എസ്.എ.എം.പി.എം 15/1540/19(6) തിയ്യതി 09.08.21 | 15 |
| 2009-10,10-11 | കെ.എസ്.എ.എം.പി.എം 15/2787/19(7) തിയ്യതി 09.08.21 | 11 |
| 2011-12,12-13 | കെ.എസ്.എ.എം.പി.എം 15/2318/17 തിയ്യതി 06.12.17 | 20 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.15/777/16 തിയ്യതി 19.05.16 | 20 |
| 2015-16 | കെ എസ് എ.എംപിഎം.15/166/20 തിയ്യതി: 09.06.20 | 12 |
| 2016-17 | കെ.എസ്.എ എം.പി.എം 15/88/2020 20.06.2020 | 23 |
| 2017-18 | കെ.എസ്.എ എം.പി.എം 15/2084/2018 24.01.2019 | 13 |
| 2018-19 | കെ.എസ്.എ എം.പി.എം.15/20/2020 09.12.2020 | 10 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Abk

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്